POSTAL REG NO GDP-44/2017-2019

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْد

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ


വാല്യം 2

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly **BADAR** Qadian Malayalam

ലക്കം 21

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 മെയ് 25/ഹി:ശം:1396 ഹിജ്റത്ത് 25/ഹി:ഖ: 1438 ശഅ്ബാൻ 28


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 21-04-2017ന് റോൺഹെയിം ഫ്രങ്ക്ഫോർട്ടിൽ (ജർമനി) ജുമുഅ ഖുത്‌ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരി ഹീ.

**സമസ്ത മനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റേയും സത്യാസത്യവിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമളാൻ. (വിശുദ്ധ ഖുർആൻ)**
**റമളാൻമാസം ആഗതമായാൽ സ്വർഗകവാടങ്ങൾ തുറക്കപ്പെടും. നരകകവാടങ്ങൾ അടയ്ക്കപ്പെടും. ശയ്ത്വാൻ ചങ്ങലകളിൽ ബന്ധിക്കപ്പെടുകയും ചെയ്യും.(തിരുഹദീഥ്)**
**കേവലം ശരീരത്തിന് പോഷണം നൽകുന്ന ഭക്ഷണം ഉപേക്ഷിച്ച് ആത്മാവിന്റെ തൃപ്തിയ്ക്കും സമ്പുഷ്ടിക്കും ഉതകുന്ന ഭക്ഷണം സ്വീകരിക്കുക എന്നതാണ് നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം. (മസീഹ് മൗഊദ്(അ))**

## അല്ലാഹുവിന്റെ കല്പന

يٰۤاَيُّهَا الَّذِيْنَ اٰمَنُوْا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِيْنَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُوْنَ○ اَيَّامًا مَّعْدُوْدٰتٍ ؕ فَمَنْ كَانَ مِنْكُمْ مَّرِيْضًا اَوْ عَلٰى سَفَرٍ فَعِدَّةٌ مِّنْ اَيَّامٍ اُخَرَ ؕ وَعَلَى الَّذِيْنَ يُطِيْقُوْنَهٗ فِدْيَةٌ طَعَامُ مِسْكِيْنٍ ؕ فَمَنْ تَطَوَّعَ خَيْرًا فَهُوَ خَيْرٌ لَّهٗ ؕ وَاَنْ تَصُوْمُوْا خَيْرٌ لَّكُمْ اِنْ كُنْتُمْ تَعْلَمُوْنَ○ شَهْرُ رَمَضَانَ الَّذِيْۤ اُنْزِلَ فِيْهِ الْقُرْاٰنُ هُدًى لِّلنَّاسِ وَبَيِّنٰتٍ مِّنَ الْهُدٰى وَالْفُرْقَانِ ۚ فَمَنْ شَهِدَ مِنْكُمُ الشَّهْرَ فَلْيَصُمْهُ ؕ وَمَنْ كَانَ مَرِيْضًا اَوْ عَلٰى سَفَرٍ فَعِدَّةٌ مِّنْ اَيَّامٍ اُخَرَ ؕ يُرِيْدُ اللّٰهُ بِكُمُ الْيُسْرَ وَلَا يُرِيْدُ بِكُمُ الْعُسْرَ ۫ وَلِتُكْمِلُوا الْعِدَّةَ وَلِتُكَبِّرُوا اللّٰهَ عَلٰى مَا هَدٰىكُمْ وَلَعَلَّكُمْ تَشْكُرُوْنَ○ وَاِذَا سَاَلَكَ عِبَادِيْ عَنِّيْ فَاِنِّيْ قَرِيْبٌ ؕ اُجِيْبُ دَعْوَةَ الدَّاعِ اِذَا دَعَانِ ۙ فَلْيَسْتَجِيْبُوْا لِيْ وَلْيُؤْمِنُوْا بِيْ لَعَلَّهُمْ يَرْشُدُوْنَ○ (سورۃ البقرۃ:۱۸۴تا۱۸۷)

"അല്ലയോ വിശ്വാസികളെ! നിങ്ങൾക്ക് മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. (നിങ്ങൾ ധാർമികവും ആത്മീയവുമായ ന്യൂനതകളിൽനിന്ന് സുരക്ഷിതരാകുംവിധം) ദോഷബാധയെ സൂക്ഷിക്കുവാൻവേണ്ടി.(ഈ വ്രതാനുഷ്ഠാനം) ചില നിശ്ചിത ദിവസങ്ങളിലാണ്. എന്നാൽ, നിങ്ങളിൽ ആരെങ്കിലും(താൽക്കാലികമായി)രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ(അവർ) എണ്ണം പൂർത്തീകരിച്ചുകൊള്ളട്ടെ. പ്രായശ്ചിത്തം നല്കുന്നതിന് കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം(പ്രായശ്ചിത്തമായി) നല്കേണ്ടതാണ്. ഇനി ആരെങ്കിലും പൂർണമായ അനുസരണം പുലർത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുവെങ്കിൽ അത് അയാൾക്ക് ഗുണകരമായിരിക്കും. നിങ്ങൾ(കാര്യം) ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമാത്രെ.

"സമസ്ത മനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റേയും സത്യാസത്യവിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമളാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കട്ടെ. എന്നാൽ, നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്ന പക്ഷം ആ എണ്ണം മറ്റു ദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്; അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. ഇത് നിങ്ങൾ എണ്ണം പൂർത്തീകരിക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്ത്വപ്പെടുത്തുന്നതിനും നിങ്ങൾ കൃതജ്ഞതകാണിക്കുന്നതിനുംവേണ്ടിയുമാകുന്നു. എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോടു ചോദിക്കുമ്പോൾ നിശ്ചയമായും ഞാൻ അടുത്തുതന്നെയുണ്ട്. പ്രാർഥിക്കുന്നവന്റെ പ്രാർഥനയ്ക്ക് അവൻ എന്നെ വിളിച്ച് പ്രാർഥിക്കുമ്പോൾ ഞാൻ ഉത്തരം നല്കുന്നതാണ്. അതുകൊണ്ട് അവർ സന്മാർഗം പ്രാപിക്കുന്നതിനുവേണ്ടി എന്റെ വിളിക്കുത്തരം നല്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്തുകൊള്ളട്ടെ."(2:184-187)

## തിരുനബിയുടെ തിരുമൊഴികൾ

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: റമളാൻമാസം ആഗതമായാൽ സ്വർഗകവാടങ്ങൾ തുറക്കപ്പെടും. നരകകവാടങ്ങൾ അടയ്ക്കപ്പെടും. ശയ്ത്വാൻ ചങ്ങലകളിൽ ബന്ധിക്കപ്പെടുകയും ചെയ്യും."(ബുഖാരി കിതാബുസ്സൗമി)

ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:"അല്ലാഹു പറയുന്നു: മനുഷ്യന്റെ മുഴുവൻ കർമങ്ങളും അവനുള്ളതത്രെ. നോമ്പോ, അതെനിക്കുള്ളതാണ്. ഞാനാണ് അതിന് പ്രതിഫലം. അതായത് അവന്റെ ആ നന്മയുടെ പ്രതിഫലത്തിൽ അവന് ഞാൻ എന്റെ ദർശനം നല്കുന്നതാണ്. അല്ലാഹു പറയുന്നു: നോമ്പ് പരിചയാകുന്നു. അതിനാൽ നിങ്ങളിലാർക്കെങ്കിലും നോമ്പാണെങ്കിൽ നിരർഥമായ കാര്യങ്ങൾ പറയരുത്. ശബ്ദകോലാഹലങ്ങൾ ഉണ്ടാക്കുകയോ വേണ്ടാവൃത്തികൾ ചെയ്യുകയോ അരുത്. തന്നോട് ആരെങ്കിലും വഴക്കുകൂടാനോ വക്കാണമുണ്ടാക്കാനോ വന്നാൽ, 'ഞാൻ നോമ്പുകാരനാണ്' എന്നു പറഞ്ഞ് അവൻ മാറിനിന്നു കൊള്ളട്ടെ. ഏതൊരുവന്റെ കൈയിലാണോ മുഹമ്മദിന്റെ ജീവൻ ഇരിക്കുന്നത് അവനാണ! നോമ്പുകാരന്റെ വായിലെ മണം അല്ലാഹുവിന്റെ പക്കൽ കസ്തൂരിയെക്കാൾ കൂടുതൽ പരിശുദ്ധവും പ്രിയങ്കരവുമാണ്. കാരണം അവൻ ഈ അവസ്ഥ വരിച്ചത് അല്ലാഹുവിനുവേണ്ടിയാണ്.

## വാഗ്ദത്തമസീഹിന്റെ ലിഖിതം

"ഇസ്‌ലാമിന്റെ അനുഷ്ഠാന കർമങ്ങളിൽ മൂന്നാമത്തേത് നോമ്പാകുന്നു. നോമ്പിന്റെ യാഥാർഥ്യത്തെക്കുറിച്ചും ജനങ്ങൾ അജ്ഞരാണ്. വാസ്തവം എന്താണെന്നു വെച്ചാൽ, പോയി കണ്ടിട്ടില്ലാത്ത രാജ്യത്തെക്കുറിച്ചും അറിവില്ലാത്ത ലോകത്തെക്കുറിച്ചും മനുഷ്യന് എന്താണ് പറയാൻ കഴിയുക? മനുഷ്യൻ വിശന്നും ദാഹിച്ചും ഇരിക്കുകയെന്നതു മാത്രമല്ല നോമ്പ്. അതിനൊരു തത്ത്വമുണ്ട്. അതിനൊരു പ്രഭാവമുണ്ട്. അത് അനുഭവത്തിലൂടെയാണ് അറിയാൻ കഴിയുക. ഭക്ഷണം കുറയ്ക്കുന്നതനുസരിച്ച് ആത്മാവ് പരിശുദ്ധമാകുന്നുവെന്നത് മനുഷ്യ പ്രകൃതിയിലുള്ളതാണ്. ദർശനശക്തി വർധിക്കുന്നു. ഒരു ഭക്ഷണം കുറച്ച് രണ്ടാമത്തേത് വർധിപ്പിക്കുക എന്നതാണ് അല്ലാഹു ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അവനിൽനിന്ന് വിശപ്പ് മാത്രമല്ല പ്രതീക്ഷിക്കുന്നതെന്ന കാര്യം എപ്പോഴും നോമ്പുകാരന്റെ ദൃഷ്ടിയിലുണ്ടായിരിക്കണം. എന്നല്ല, ഏകാന്തവാസവും ഭൗതികതയിൽനിന്നുള്ള അകൽച്ചയും ലഭിക്കാനായി ദൈവസ്മരണയിൽ അധിമധികം ലയിക്കുകയും വേണം. കേവലം ശരീരത്തിന് പോഷണം നൽകുന്ന ഭക്ഷണം ഉപേക്ഷിച്ച് ആത്മാവിന്റെ തൃപ്തിയ്ക്കും സമ്പുഷ്ടിക്കും ഉതകുന്ന ഭക്ഷണം സ്വീകരിക്കുക എന്നതാണ് നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം. ഒരു ചടങ്ങുതീർക്കുന്നുവെന്ന നിലയിലല്ലാതെ ആരാണോ അല്ലാഹുവിനുവേണ്ടി നോമ്പുനോല്ക്കുന്നത് അയാൾ ആധ്യാത്മിക ഭക്ഷണം ലഭിക്കുന്നതിന്നായി അല്ലാഹുവിനെ സ്തുതിക്കുന്നതിലും അവനെ പ്രകീർത്തിക്കുന്നതിലും അവന്റെ ഏകത്വ കീർത്തനത്തിലും മുഴുകേണ്ടതാണ്." (മൽഫൂദാത്ത് വാല്യം 5 പേജ് 102, 2003 പതിപ്പ്)

♦..........♦..........♦..........♦

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

# മഹത്ത്വവും അനുഗ്രഹഭരിതവുമായ മാസം അടുത്തെത്തിയിരിക്കുന്നു!

അൽഹംദുലില്ലാഹ് ഥുമ്മ അൽഹംദുലില്ലാഹ്. അനുഗൃഹീത റമളാൻമാസം വീണ്ടുമൊരിക്കൽകൂടി നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരികയാണ്. റമളാൻ കഴിഞ്ഞതിനുശേഷം വർഷം മുഴുവൻ അതിനുവേണ്ടി കാത്തിരുന്നവർക്ക് അവരുടെ ആഗ്രഹം പൂവണിയുന്നതിൽ അത്യധികം ഭാവുകങ്ങൾ നേരുന്നു. അല്ലാഹുവും അവന്റെ റസൂലും നോമ്പുപിടിക്കാൻ താക്കീതുചെയ്തു പറഞ്ഞിരിക്കുകയാണ്. നോമ്പിന്റെ പ്രാധാന്യവും അതിന്റെ ശ്രേഷ്ഠതയും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും നിർദേശങ്ങളുടെ വെളിച്ചത്തിൽ ഹ്രസ്വമായി സമർപ്പിക്കുകയാണ്.

നോമ്പു നിർബന്ധമാണെന്ന് അല്ലാഹു ഈ വാക്കുകളിലാണ് പറഞ്ഞിട്ടുള്ളത്:

(1) ***യാ അയ്യുഹല്ലദീന ആമനൂ കുതിബ അലയ്ക്കുസ്സിയാമു കമാ കുതിബ അലല്ലദീന മിൻ ഖബ്‌ലിക്കും.*** അല്ലാഹു പറയുന്നു: 'നോമ്പുപിടിക്കുന്നത് സത്യവിശ്വാസികൾക്ക് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. അവരിൽ നോമ്പ് എഴുതപ്പെട്ടിരിക്കുന്നു. ബുദ്ധിസ്ഥിരതയുള്ള പ്രായപൂർത്തിയായവനും ആരോഗ്യവാനും രോഗിയല്ലാത്തവനും യാത്രയിലല്ലാത്തവനുമായ മുസൽമാൻ നോമ്പു പിടിക്കുന്നില്ലെങ്കിൽ അല്ലാഹുവിന്റെ മഹത്തായ കല്പനയെ ധിക്കരിച്ചുകൊണ്ട് വൻപാപത്തിന് ഇരയായിത്തീരുകയാണ് ചെയ്യുന്നത്. ഇക്കാരണത്താലാണ് നബി(സ)തിരുമേനി പറഞ്ഞത്, ***മൻ അഫ്ത്വറ യൗമൻ മിൻ ശഹ്‌രി റമളാന മിൻ ഗയ്‌രി റുഖ്സ്വത്തിൻ വലാ മറളിൻ ഫലാ യഖ്ളീഹി സ്വിയാമു ദ്‌ഹ്‌രി കുല്ലിഹി വലൗ സ്വാമദഹ്***(മുസ്നദ് ദാരിമി ബാബ് മൻ അഫ്ത്വറ യൗമൻ മിൻ ശഹ്‌രി റമളാന മുതഅമ്മിദൻ)അതായത് ആരാണോ റമളാനിലെ ഒരുനോമ്പുപോലും അനുവാദവും രോഗവും കൂടാതെ വിട്ടു കളയുന്നത് പിന്നീട് ജീവിതം മുഴുവൻ നോമ്പുപിടിച്ചുകൊണ്ടിരുന്നാലും ആ നോമ്പ് കടം വീട്ടാൻ അവന് ജീവിതത്തിലൊരിക്കലും സാധിക്കുകയില്ല.

(2) അല്ലാഹു നോമ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിച്ചുകൊണ്ട് പറയുന്നു: ***ലഅല്ലക്കും തത്തഖൂൻ*** ഞാൻ നിങ്ങളിൽ നോമ്പ് നിർബന്ധമാക്കിയിരിക്കുന്നത് നിങ്ങൾ തഖ്‌വാ അഥവാ ഭക്തി കൈക്കൊള്ളാനും അങ്ങനെ മുത്തഖിയായിതീരാനുമാണ്. എല്ലാ ഓരോ നന്മയുടേയും വേര് തഖ്‌വായാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരിക്കുന്നു. ആ മഹാത്മാവിന്റെ വളരെ പ്രശസ്തമായൊരു ശ്ലോകമാണിത്:

*ഹർ എക് നേക്കി കി*
*ജഡ് യെ ഇത്തിഖാ ഹെ*
*അഗർ യെ ജഡ് രഹി*
*സബ് കുച്ഛ് രഹാ ഹെ*

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ശ്ലോകത്തിന്റെ ആദ്യ വചനം എഴുതിയപ്പോൾ രണ്ടാമത്തെ വചനം അല്ലാഹു ഇൽഹാമായി അദ്ദേഹത്തിൽ ഇറക്കുകയായിരുന്നു. പറഞ്ഞതിന്റെ ചുരുക്കം തഖ്‌വാ അഥവാ ഭക്തിയുണ്ടെങ്കിൽ സർവവും ഉണ്ടായിരിക്കുമെന്നാണ്. തഖ്‌വാ ഇല്ലെങ്കിലോ പിന്നീടൊന്നുംതന്നെ ഉണ്ടായിരിക്കുകയില്ല.

ഇത്തിഖാ എന്നതിന്റെ ഉദ്ദേശ്യം പരിച ഉണ്ടാക്കുക എന്നാണ്. എല്ലാ തരത്തിലുള്ള നിന്ദ്യതയിൽനിന്നും അപമാനങ്ങളിൽനിന്നും രക്ഷ കിട്ടുന്നതിനും എല്ലാ വിധത്തിലുള്ള നന്മയും ക്ഷേമവും അവനിൽനിന്ന് ലഭിക്കുന്നതിനും വേണ്ടി നോമ്പുകാരൻ അല്ലാഹുവിനെ തന്റെ പരിചയാക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: ***'വസ്സിയാമു ജുന്നത്തുൻ.'*** നോമ്പ് പരിചയാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:"മനുഷ്യൻ ലോകത്ത് എല്ലാത്തരം നിന്ദ്യതയിൽനിന്നും കോപത്തിൽനിന്നും രക്ഷപ്പെടാനാഗ്രഹിക്കുന്നെങ്കിൽ മുത്തഖിയായിത്തീരുക എന്ന ഒരേയൊരു വഴിയെ അവനുള്ളു എന്നതാണ് എന്റെ വിശ്വാസം."(മൽഫൂദാത്ത് വാല്യം 1 പേജ് 99 2003 പതിപ്പ്)

(3) പിന്നീട് അല്ലാഹു പറയുന്നു: ***വ അൻത സ്വൂമൂ ഖയ്റുല്ലക്കും ഇൻ കുൻതും തഅ്‌ലമൂൻ*** നോക്കൂ! നോമ്പു പിടിക്കുന്നത് നിങ്ങൾക്ക് ഉത്തമമാണ്. നിങ്ങൾ ഇക്കാര്യം ഗ്രഹിച്ചിരുന്നെങ്കിൽ! ആത്മാവിന്റെ കുതന്ത്രങ്ങൾ ചില ഘട്ടങ്ങളിൽ നോമ്പിന്റെ വഴിയിൽ തടസ്സങ്ങളാകാറുണ്ട്. അല്ലാഹു പറയുന്നു, നിങ്ങൾ നോമ്പു പിടിക്കുക എന്നത് എന്തായാലും നിങ്ങൾക്കു ഉത്തമമാണ്.

(4) അതിനുശേഷം അല്ലാഹു പറയുന്നത് *ശഹ്റുറമളാനല്ലദീ ഉൻസില ഫീഹിൽ ഖുർആനു ഹുദല്ലിന്നാസി വ ബയ്യിനാത്തിൻമ്മിനൽഹുദാ വൽ ഫുർഖാൻ* എന്നാണ്. റമളാൻമാസം നിസാരമായൊരു മാസമല്ല. വളരെ മഹത്തായ മാസമാണ്. ഈ അനുഗൃഹീതമാസത്തിലാണ് വിശുദ്ധ ഖുർആൻ അവതരിച്ചത്. ഹിറാ ഗുഹയിൽവച്ച് നബി(സ)തിരുമേനിയിൽ വിശുദ്ധ ഖുർആൻ ***ഇഖ്‌റഅ് ബിസ്മി റബ്ബിക്കല്ലദീ ഖലഖ്*** എന്ന വാക്കുകളിൽ ഇറങ്ങാൻ തുടങ്ങിയത് റമളാൻ 24 നായിരുന്നുവെന്ന് വിവരിക്കപ്പെടുന്നു. ഇതിന്റെ ഉദ്ദേശ്യം റമളാൻമാസം എത്രമാത്രം മഹത്ത്വപൂർണമാണെന്നാൽ വിശുദ്ധ ഖുർആനിൽ അതിനെക്കുറിച്ച് കല്പനകൾ ഇറങ്ങി. വിശുദ്ധ ഖുർആനിൽ പ്രത്യേകതയോടുകൂടി റമളാനെ സംബന്ധിച്ച് കല്പനകൾ ഇറങ്ങുക എന്നത് റമളാനെ വളരെയേറെ പ്രാധാന്യം വഹിപ്പിക്കുന്നതാക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അല്ലാഹു വീണ്ടും ഒരു പ്രാവശ്യം സത്യവിശ്വാസികളോടു പറയുന്നു:***ഫമൻ ശഹിദ മിൻകുമുശ്ശഹ്റ ഫൽയസ്വുംഹു*** നിങ്ങളിലാരാണോ ഈ മാസത്തെ പ്രാപിക്കുന്നത് അവൻ നോമ്പു പിടിക്കേണ്ടതാണ്. അല്ലാഹു ആവർത്തിച്ചാവർത്തിച്ച് നോമ്പു പിടിക്കണമെന്ന് നമ്മളോടു പറഞ്ഞിരിക്കുന്നു. അതിനെ പ്രോത്സാഹിപ്പിച്ചിരിക്കുന്നു.

(5) വീണ്ടും അല്ലാഹു പറയുന്നു: ***യുരീദുല്ലാഹു ബികുമുൽയുസ്റ വലാ യുരീദു ബികുമുൽ ഉസ്റ*** അല്ലാഹു നിങ്ങൾക്കു എളുപ്പമാണ് ആഗ്രഹിക്കുന്നത്. ഞെരുക്കമോ ബുദ്ധിമുട്ടോ ആഗ്രഹിക്കുന്നില്ല. സുബ്ഹാനല്ലാഹ്! എത്രമാത്രം റഹീമും കരീമുമായ സത്തയാണ്. അവൻ തന്റെ സൃഷ്ടികൾക്ക് എല്ലാ രീതിയിലും മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിച്ചിരിക്കുന്നു. എന്നിട്ടും ആരെങ്കിലും വിശ്വസിക്കുന്നില്ലെങ്കിൽ അത് അവന്റെ ഇഷ്ടമാണ്. പറയുന്നു, എന്റെ ചില ദാസർ നോമ്പിനെ തങ്ങൾക്ക് ഭാരമായി മനസ്സിലാക്കുന്നവരുണ്ട്. പക്ഷേ, വാസ്തവമെന്താണെന്നുവച്ചാൽ നോമ്പിന്റെ കല്പന നല്കിയിട്ടുള്ളത് നിങ്ങളിൽ എളുപ്പമുണ്ടാക്കുന്നതിനുവേണ്ടിയാണ്. ഇത് ഒരിക്കലും നിങ്ങൾക്ക് ഞെരുക്കത്തിനും ബുദ്ധിമുട്ടിനും പ്രയാസത്തിനും കാരണമല്ല. അതുകൊണ്ട് പറഞ്ഞു:

(6) ***വലി തുകമ്മിലുൽഇദ്ദത്ത വലിതുകബ്ബിറുല്ലാഹ അലാ മാ ഹദാക്കും വ ലഅല്ലക്കും തശ്ക്കുറൂൻ*** അല്ലാഹു ആഗ്രഹിക്കുന്നത് നിങ്ങൾ സരളതയോടുകൂടി എണ്ണം പൂർത്തിയാക്കാനാണ്. നിങ്ങൾക്ക് സന്മാർഗം നല്കിയതിന് അല്ലാഹുവിനെ വാഴ്ത്തുക; നിങ്ങൾ നന്ദികാണിക്കുന്നവരാകുന്നതിനുവേണ്ടി. പിന്നീട് അല്ലാഹു പറയുന്നത് നോമ്പ് ഹിദായത്ത് അഥവാ സന്മാർഗമാണെന്നാണ്, എളുപ്പമാണെന്നാണ്. രണ്ടോ നാലോ അല്ലെങ്കിൽ പത്തോ പന്ത്രണ്ടോ നോമ്പ് പിടിച്ചിട്ട് താൻ നോമ്പു പിടിച്ചുവെന്ന് മനസ്സിലാക്കരുത്. എണ്ണം പൂർത്തിയാക്കണമെന്നാണ് അല്ലാഹു പറയുന്നത്. പൂർണമായും ഇരുപത്തി ഒമ്പതോ മുപ്പതോ നോമ്പ് പൂർത്തിയാക്കേണ്ടതാണ്. എത്ര നോമ്പ് പിടിച്ചെന്ന് റമളാന് ശേഷം പൊതുവെ പരസ്പരം ചോദിക്കാറുണ്ട്. പിന്നീട് പിടിച്ച എണ്ണം പരസ്പരം പറയാറുമുണ്ട്. നോമ്പ് പൂർണമായും പിടിക്കണമെന്ന് അല്ലാഹു പറയുന്നു. എണ്ണം പൂർത്തിയാക്കേണ്ടതാണ്.

(7) പിന്നീട് അല്ലാഹു നോമ്പിനെ സംബന്ധിച്ചുതന്നെ തന്റെ സാമീപ്യം പ്രാപിക്കുന്നതിനെകുറിച്ചും ദുആ സ്വീകരിക്കുന്നതിനെ കുറിച്ചും പറയുന്നുണ്ട്. അവൻ പറയുന്നു: ***വ ഇദാ സഅലക്ക ഇബാദീ അന്നീ ഫ ഇന്നീ ഖരീബുൻ ഉജീബു ദഅ്‌വത്തദ്ദാഇ ഇദാ ദആനി ഫൽയസ്തജീബൂലീ വൽ യുഅ്മിനൂബീ ലഅല്ലഹും യർശുദൂൻ*** എന്നെ സംബന്ധിച്ച് എന്റെ ദാസർ നിന്നോടു ചോദിക്കുമ്പോൾ ഞാൻ അടുത്തുതന്നെയുണ്ടെന്ന് നീ അവരോടു പറയുക. ദുആ ചെയ്യുന്നവർ ദുആചെയ്യുമ്പോൾ ഞാൻ അവരുടെ ദുആ സ്വീകരിക്കുന്നു. അതുകൊണ്ട് അവർ എന്റെ കാര്യങ്ങൾ കേൾക്കേണ്ടതാണ്. അവർ സന്മാർഗം പ്രാപിക്കുന്നതിന് വിശ്വസിക്കേണ്ട മുറപോലെ എന്നിൽ വിശ്വസിക്കേണ്ടതുമാണ്. റമളാൻ മാസം ദുആയുടെ മാസമാണെന്ന് ഇതിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നു. ദൈവസാമീപ്യം കരസ്ഥമാകുന്ന മാസമാണ്. അല്ലാഹുമായി കൂടിക്കാഴ്ച നടക്കുന്ന മാസമാണ്. നബി (സ) തിരുമേനിയും പറഞ്ഞു, നോമ്പുകാർക്ക് രണ്ടു സന്തോഷമുണ്ട്. ഒന്ന് നോമ്പുതുറക്കുമ്പോൾ അവന് ലഭിക്കുന്നു. രണ്ടാമത്തേത് അല്ലാഹുവുമായി കൂടിക്കാഴ്ച നടക്കുമ്പോൾ അവന് ലഭിക്കുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറയുന്നു: കൂടിക്കാഴ്ചകൊണ്ടുള്ള ഉദ്ദേശ്യം ഈ ലോകത്തുനടക്കുന്ന കൂടിക്കാഴ്ചയാണ്. ഇവിടെ പറയുന്നത് മരിച്ചതിനുശേഷമുള്ള കൂടിക്കാഴ്ച അല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ***"ശഹ്റു റമളാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ*** എന്ന വാക്യത്തിൽനിന്ന് റമളാൻ മാസത്തിന്റെ മഹത്ത്വം മനസ്സിലാകുന്നുണ്ട്. മനസ്സിനെ പ്രകാശിപ്പിക്കുന്നതിന് ഉത്തമമായ മാസമാണിതെന്ന് സൂഫീവര്യന്മാർ എഴുതിയിരിക്കുന്നു. ഇതിൽ ധാരാളമായി കശ്ഫുകൾ (ജാഗ്രദർശനങ്ങൾ) ഉണ്ടാകുന്നു. നമസ്ക്കാരം ആത്മാവിനെ ശുദ്ധീകരിക്കുന്നു. നോമ്പ് മനസ്സിനെ പ്രകാശിപ്പിക്കുന്നു. ദോഷപ്രവണമായ ആത്മാവിന്റെ ഭോഗേച്ഛകളിൽനിന്ന് അകൽച്ച ലഭിക്കുക എന്നതാണ് ആത്മാവിന്റെ ശുദ്ധീകരണം കൊണ്ടുദ്ദേശിക്കുന്നത്. മനസ്സിന്റെ പ്രകാശനം കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിനെ കാണുംവിധം അവനിൽ കശ്ഫിന്റെ കവാടം തുറക്കുക എന്നതാണ്."(മൽഫൂദാത്ത് വാല്യം 2 പേജ് 561 2003 ഖാദിയാൻ പതിപ്പ്)

റമളാനിന്റെ ശ്രേഷ്ഠതയെ കുറിച്ച് പ്രതിപാദിക്കുന്ന വളരെ പ്രിയപ്പെട്ട ഒരു ഹദീഥ് സമർപ്പിക്കുകയാണ്: നബി(സ)തിരുമേനി പറഞ്ഞു: 'അല്ലയോ ജനങ്ങളേ! മഹത്തായ ഒരു മാസം നിങ്ങളുടെ സമീപത്ത് എത്തിയിരിക്കുകയാണ്. ഈ മാസം എങ്ങനെയുള്ളതാണെന്നാൽ അതിലെ ഒരു രാവ് ആയിരം മാസത്തെക്കാൾ ശ്രേഷ്ഠമാണ്. അതിലെ നോമ്പ് അനുഷ്ഠാനം അല്ലാഹു നിർബന്ധമാക്കുകയും രാത്രി നമസ്കാരം ഐച്ഛികപുണ്യമാക്കുകയും ചെയ്തിരിക്കുന്നു. തിന്മകളിൽനിന്ന് തടയുന്നതിനും നന്മയെ സ്ഥിരചിത്തതയോടെ നിറവേറ്റുന്നതിനുമുള്ള മാസമാണിത്. അതിന്റെ പ്രതിഫലം ജന്നത്താണ്. ഇത് ആശ്രിതരായ ആളുകളോടുള്ള സഹതാപത്തിന്റേയും നന്മയുടേയും മാസമാണ്. ഇതിൽ സത്യവിശ്വാസിയുടെ ജീവിതവിഭവം വർധിപ്പിക്കപ്പെടുന്നു. ഇതിൽ നോമ്പ് തുറപ്പിക്കുന്നവന് മഗ്ഫിറത്ത് അഥവാ പാപപൊറുതി കരസ്ഥമാകുന്നതാണ്. അവൻ നരകശിക്ഷയിൽനിന്ന് സ്വതന്ത്രനാക്കപ്പെടുന്നതാണ്. നോമ്പുകാരന്റെ പ്രതിഫലത്തിൽ കുറവൊട്ടുമുണ്ടാകുകയുമില്ല. കഴിവില്ലാത്തവർ പാലോ, ഈത്തപ്പഴമോ,വെള്ളമോ കൊണ്ട് നോമ്പ് തുറപ്പിക്കാൻ കഴിയുമെങ്കിൽ അവനും ഈ പ്രതിഫലം അല്ലാഹു നല്കുന്നതാണ്. നോമ്പുകാരനെ വെള്ളംകൊണ്ട് വയറു നിറപ്പിച്ചാൽ അല്ലാഹു എന്റെ ഹൗളിൽനിന്ന് അവനെ കുടിപ്പിക്കുന്നതാണ്. ജന്നത്തിൽ പ്രവേശിക്കുന്നതുവരെ പിന്നീടൊരിക്കലും അവന് ദാഹമുണ്ടാകുകയില്ല. ഈ മാസത്തിന്റെ ആദ്യം റഹ്മത്തും, മധ്യത്തിൽ മഗ്ഫിറത്തും അതിന്റെ അവസാനം നരകാഗ്നിയിൽനിന്നുള്ള മോചനവുമാണ്. ആരാണോ തന്റെ കീഴെ ഉള്ളവരോടു മൃദുവായി പെരുമാറുന്നത് അല്ലാഹു അവന് മഗ്ഫിറത്ത് നല്കുകയും നരകാഗ്നിയിൽനിന്ന് രക്ഷിക്കുകയും ചെയ്യുന്നതാണ്.' (മിശ്ക്കാത്ത്)

അല്ലാഹു നമുക്ക് റമളാനിൽനിന്ന് നല്ലവണ്ണം ഫലമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. റമളാനിലെ നന്മകൾ നമുക്ക് അനശ്വരമാക്കിത്തരുമാറാകട്ടെ.

❖

## നോമ്പിന്നിടയിൽ എല്ലാ തരത്തിലുള്ള തിന്മകളിൽനിന്നും രക്ഷപ്പെടാൻ ശ്രമിക്കുക

### ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

***'വസ്സിയാമു ജുന്നത്തുൻ'*** നോമ്പ് പരിചയാകുന്നു എന്ന ഹദീഥിനെ വ്യാഖ്യാനിച്ചുകൊണ്ട് സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു: 'ഈ പരിച അല്ലാഹു നല്കിയതാണ്. പക്ഷേ, അത് ഉപയോഗിക്കേണ്ട രീതിയും അറിഞ്ഞിരിക്കേണ്ടതാണ്. അതിനും കുറച്ച് കർത്തവ്യങ്ങളുണ്ട്. അത് നിറവേറ്റേണ്ടതാണ്. അപ്പോഴാണ് ഈ പരിചയുടെ സംരക്ഷണത്തിൽ ഭക്തി അവലംബിക്കുന്നതിന് തൗഫീഖ് കിട്ടുന്നത്. നോമ്പിന്നിടയിൽ നമ്മൾ എല്ലാ തിന്മകളിൽനിന്നും രക്ഷപ്പെടാൻ ശ്രമിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഈ പരിച ഫലവത്തായിരിക്കുക. കളവ് പറയുകയില്ല. പരദൂഷണം പറയുകയില്ല. പരസ്പരം അവകാശങ്ങൾ ധ്വംസിക്കുകയില്ല. ഒരിക്കലും അതിക്രമം ഉണ്ടാകാത്ത വിധം സ്വന്തം ശരീരത്തിന്റെ എല്ലാ അവയവങ്ങളേയും കാത്തുസൂക്ഷിക്കുന്നതാണ്. മറ്റുള്ളവരുടെ ന്യൂനതകൾ നോക്കുന്നതിനു പകരം സ്വന്തം ന്യൂനതകൾ അന്വേഷിച്ചുകൊണ്ടിരിക്കുന്നതായിരിക്കും. പരസ്പരം തിന്മകൾ തിരഞ്ഞു നടക്കുന്നതിനുപകരം സ്വന്തം തിന്മകളും ന്യൂനതകളും ബലഹീനതകളും പോരായ്മകളും തിരഞ്ഞു നടക്കുന്നതായിരിക്കും. .......നോമ്പുകളിൽ ഈ വിധം നമ്മൾ ആത്മപരിശോധന നടത്തുമ്പോൾ ചെവി, കണ്ണ്, നാവ്, കൈ തുടങ്ങിയവകൊണ്ട് നമ്മൾ മറ്റുള്ളവരെ സുരക്ഷിതമാക്കിവെക്കുക മാത്രമല്ല പ്രത്യുത അവരെ സഹായിക്കുകയായിരിക്കും ചെയ്യുന്നത്. അപ്പോഴാണ് നോമ്പ് ഭക്തിയിൽ അഭിവൃദ്ധിപ്പെടുത്തുന്നതാകുന്നത്. അല്ലാഹുവിന്റെ തിരുസന്നിധിയിൽ അതിരറ്റ പ്രതിഫലം പ്രാപിക്കുന്നവരുമായിരിക്കും." **(ഖുത്ബ ജുമുഅ 2005 ഒക്ടോബർ 7)**

# ഖുത്ബ ജുമുഅ

നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചിരിക്കുന്നുവെന്നത് അല്ലാഹുവിന്റെ കൃപയും ഔദാര്യവുമാണ്. ആ മഹാത്മാവിന്റെ ബയ്അത്തിൽ നമ്മൾ ചേർന്നിരിക്കുന്നു. ഇക്കാര്യം നമ്മുടെ ഈമാൻ വർധിപ്പിക്കുന്നതിനുള്ള മാർഗമാകേണ്ടതാണ്. കാരണം വിശ്വസിച്ചതിനു ശേഷം നമ്മൾ നമ്മുടെ ഈമാനിലും(വിശ്വാസത്തിലും) യഖീനിലും(ഉറപ്പിലും)വളരുന്നില്ലെങ്കിൽ ആ വിശ്വാസം കൊണ്ട് ഒരു പ്രയോജനവുമുണ്ടാകുകയില്ല. അപകർഷതാബോധവും ഭീരുത്വവും ഒന്നുംകൂടാതെ തുറന്ന നിലയിൽ നമ്മൾ ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കേണ്ടതുമാണ്.

നമ്മുടെ അഹ്മദികൾ ഇവിടെത്തെ ആളുകളുമായി ഇടപഴകുന്നതിനും സൽസ്വഭാവങ്ങൾ മറ്റുള്ളവരെ കാണിക്കുന്നതിനും വളരെ ഉത്തമരാണ്. പക്ഷേ, ആരാധനയിലും അല്ലാഹുവിനോടുള്ള കടമ നിർവഹിക്കുന്നതിലും ഒരു അഹ്മദിക്ക് ഉണ്ടായിരിക്കേണ്ടുന്നതായ നിലവാരം അവർക്കില്ല.

ഇപ്രകാരംതന്നെ പരസ്പരമുള്ള ബന്ധങ്ങളുടെ നിലവാരത്തിലും കുറവുണ്ട്. ഭാരവാഹികൾ ആദരവോടും ബഹുമാനത്തോടുംകൂടി ആളുകളോടു പെരുമാറുന്നതിലും കുറവുണ്ട്. വിവിധ സ്ഥലങ്ങളിൽനിന്ന് പരാതികൾ കിട്ടിക്കൊണ്ടിരിക്കുന്നു. ആളുകൾ അവരുടെ മനസ്സിൽ ഭാരവാഹികളോടു ആദരവോടുകൂടിയ വികാരങ്ങളുടെ നിലവാരം മെച്ചപ്പെടുത്തേണ്ടതിന്റേയും ആവശ്യമുണ്ട്. വെറും വിശ്വാസപരമായ പരിഷ്കരണം ചെയ്യുന്നതിനുള്ള ജമാഅത്ത് സ്ഥാപിക്കാൻ അല്ല ഹദ്റത്ത് മസീഹ് മൗഊദ്(അ)ആഗതരായത്. പ്രത്യുത എല്ലാ തലങ്ങളിലും എല്ലാ അടിസ്ഥാനത്തിലുംകർമപരമായ പരിഷ്കരണം നടത്തുന്ന ജമാഅത്തായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നമ്മൾ അതു കരസ്ഥമാക്കുന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ടോ? എന്ന് നമ്മളിലോരോരുത്തരും ആത്മപരിശോധന നടത്തേണ്ടതാണ്.

ജമാഅത്തുപരമായ പരിപാടികളിൽ പങ്കെടുക്കുന്ന അമുസ്‌ലീംകൾക്ക് യഥാർഥമായ ഇസ് ലാമികാധ്യാപനങ്ങൾ പറഞ്ഞുകൊടുക്കുമ്പോൾ അത് അവരിൽ അഗാധമായ സ്വാധീനം ചെലുത്തുന്നു. ചില അതിഥികളുടെ അത്തരം ചില അഭിപ്രായപ്രകടനങ്ങൾ.

ഇസ്‌ലാമിന്റെ നല്ല ചിത്രം ഒരിക്കലും ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കപ്പെടാതിരിക്കാനാണ് പ്രത്യേകമായും മാധ്യമങ്ങൾ ശ്രമിക്കുന്നത്. അതുകൊണ്ട് ഇസ്‌ലാമിന്റെ ഈ സന്ദേശത്തെ-ഇത് സ്നേഹത്തിന്റേയും അനുരക്തിയുടേയും മൈത്രിയുടേയും സമസൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നതിന്റേയും സന്ദേശമാണ്- പ്രചരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടുപോകുക എന്നതാണ് നമ്മുടെ ജോലി.

'ഇസ്‌ലാമി ഉസൂൽ കി ഫലാസഫി' എന്ന ഗ്രന്ഥം അന്യരിൽ ഉണ്ടാക്കുന്ന സ്വാധാനവും അതിനെക്കുറിച്ചുള്ള ചർച്ചയും. വിദ്യാസമ്പന്നരായ ആളുകളുമായി പരിചയപ്പെടുമ്പോൾ ഈ ഗ്രന്ഥം അവർക്കു നല്കേണ്ടതാണ്.

ഇപ്പോൾ യഥാർഥ അറിവും ഇസ്‌ലാമിന്റെ ശരിയായ ചിത്രവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിച്ചെങ്കിൽമാത്രമെ ലഭിക്കുകയുള്ളു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പുറപ്പെടുവിച്ചിട്ടുള്ള വിധികളാണ് യഥാർഥ വിധികൾ. അവിടത്തെ ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ ഏതൊരു വ്യാഖ്യാനമാണോ അവിടത്തെ ഖലീഫമാർ നല്കിയിട്ടുള്ളത് ആ വ്യാഖ്യാനങ്ങളാണ് യഥാർഥ വ്യാഖ്യാനങ്ങൾ. അവ വായിക്കുകയും നിങ്ങളുടെ അറിവുകൾ വർധിപ്പിക്കുകയുംചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാലത്തെ നീതിമാനായ വിധികർത്താവായിക്കൊണ്ടാണ് വന്നിരിക്കുന്നത്. ഇക്കാര്യം നമ്മൾ എപ്പോഴും നമ്മുടെ മുമ്പിൽ വെക്കേണ്ടതാണ്.

ഒന്നാമത്തെ കാര്യം നമുക്ക് ഒരു അപകർഷതാബോധത്തിനും ഇരയാകേണ്ട ആവശ്യമില്ലന്നതാണ്. രണ്ടാമത്തെ കാര്യം ഹദ്റത്ത് മസീഹ് മൗഊദ്(അ) വിട്ടുംവച്ചുപോയിട്ടുള്ള സാഹിത്യങ്ങളും ഗ്രന്ഥങ്ങളും വായിക്കുകയും അതിൽനിന്ന് അറിവ് കരസ്ഥമാക്കുകയും ചെയ്യുന്നതുതന്നെയാണ് യഥാർഥ ഇസ്‌ലാമിനെക്കുറിച്ച് നമുക്ക് പറഞ്ഞു തരുന്നത്. അതു സ്വയം പാരായണം ചെയ്യുന്നതിനോടൊപ്പം മറ്റുള്ളവർക്കും കൊടുക്കുക. സൽപ്രകൃതക്കാർക്ക് ആ സാഹിത്യങ്ങൾ നല്കേണ്ടത് നിർബന്ധമാണ്. നിത്യേനയുള്ള പ്രശ്നങ്ങളിലും കാര്യങ്ങളിലും അതിലെ ഉദ്ധരണികളാണ് നമ്മൾ നല്കേണ്ടത്. ഇത് നിർബന്ധമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ഗ്രന്ഥങ്ങളിലും നിർദേശങ്ങളിലും എല്ലാ തരത്തിലുള്ള ചോദ്യങ്ങൾക്കും മറുപടി നല്കിയിട്ടുണ്ട്. അതുകൊണ്ടാണ് അത് വായിക്കേണ്ടതാണെന്ന് ഞാൻ പറഞ്ഞത്. ഇസ്‌ലാമിന്റെ ശ്രേഷ്ഠത സ്ഥാപിക്കേണ്ടുന്നതിന് ഇതു പാരായണം ചെയ്യേണ്ടത് വളരെ ആവശ്യമാണ്. കർമശാസ്ത്രപരമായ കാര്യങ്ങളുണ്ട്. നിത്യേനയുള്ള കാര്യവുമായി ബന്ധം വെക്കുന്ന കാര്യങ്ങളുണ്ട്. അല്ലെങ്കിൽ വൈജ്ഞാനികമായ കാര്യങ്ങളുണ്ട്. ഈ എല്ലാ കാര്യങ്ങളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിൽനിന്ന് നമുക്ക് ലഭിക്കുന്നുണ്ട്. ഖലീഫമാർ അതു കൂടുതൽ വിശദീകരിച്ച് പറഞ്ഞ് തരികയും ചെയ്തിട്ടുണ്ട്. അതിനാൽ ഈ ഭാഗത്ത് കൂടുതൽ ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. അതു വായിക്കുക, ചിന്തിക്കുക.

ഇപ്രകാരംതന്നെ സാമൂഹിക തിന്മകളുണ്ട്. ഇതിനുമുമ്പേയും ഞാൻ ഹ്രസ്വമായി അത് പറഞ്ഞതാണ്. പരസ്പരമുള്ള സ്നേഹത്തിന്റേയും അനുരക്തിയുടേയും നിലവാരം എത്രയാണോ ഉണ്ടാകേണ്ടത് ചിലയാളുകളിൽ അത്ര കാണുന്നില്ല. എന്നല്ല വിദ്വേഷവും അസൂയയും പകയും കാണുകയും ചെയ്യുന്നു. അതുകൊണ്ട് എല്ലാവരും തങ്ങളുടെ കോളറുകളിലേക്ക് എത്തിനോക്കേണ്ട ആവശ്യമുണ്ട്. മറ്റുള്ളവർ എങ്ങനെയാണെന്ന് നോക്കാതിരിക്കുക. സ്വന്തം പരിഷ്കരണം നടത്തുക. സ്വയം തന്നിലേക്ക് നോക്കുക.

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

ജുമുഅ ഖുത്ബ 2017 ഏപ്രിൽ 21/1396 ശഹാദത്ത് 21
റൗൺഹെയിം(Raunheim) ഫ്രങ്ക്ഫർട്(ജർമനി

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ. اَلرَّحْمٰنِ الرَّحِيْمِ. مٰلِكِ يَوْمِ الدِّيْنِ. اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ.
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ. صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ.

നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചിരിക്കുന്നുവെന്നത് അല്ലാഹുവിന്റെ കൃപയും ഔദാര്യവുമാണ്. ആ മഹാത്മാവിന്റെ ബയ്അത്തിൽ നമ്മൾ ചേർന്നിരിക്കുന്നു. ഇക്കാര്യം നമ്മുടെ ഈമാൻ വർധിപ്പിക്കുന്നതിനുള്ള മാർഗമാകേണ്ടതാണ്. കാരണം വിശ്വസിച്ചതിനുശേഷം നമ്മൾ നമ്മുടെ ഈമാനിലും (വിശ്വാസത്തിലും) യഖീനിലും(ഉറപ്പിലും)വളരുന്നില്ലെങ്കിൽ ആ വിശ്വാസം കൊണ്ട് ഒരു പ്രയോജനവുമുണ്ടാകുകയില്ല. അപകർഷതാബോധവും ഭീരുത്വവും ഒന്നുംകൂടാതെ തുറന്ന നിലയിൽ നമ്മൾ ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കേണ്ടതുമാണ്.

മുസ്‌ലീംകളുടെ അവസ്ഥയും അവരെക്കുറിച്ച് പറയപ്പെടുന്ന കുഴപ്പവും കലഹവും കണ്ടിട്ട് ഇസ്‌ലാമിനെക്കുറിച്ച് കൂടുതലൊന്നും പറയേണ്ടെന്ന ചിന്താഗതി ചില ഘട്ടങ്ങളിൽ ആൺകുട്ടികളിലും പെൺകുട്ടികളിലും ഉണ്ടാകാറുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഭൂരിഭാഗവും വലിയ ആക്ടീവാണ്. ലീഫെലെറ്റ് തുടങ്ങിയവയുടെ റിപ്പോർട്ട്സ് വരുമ്പോൾ ധാരാളമാളുകൾ പങ്കെടുത്തുവെന്ന് വെളിപ്പെടുത്താറുണ്ട്. പക്ഷേ, ഏതെങ്കിലും തരത്തിലുള്ള അപകർഷതാബോധത്തിനു ചലപ്പോൾ ഇരയായിട്ടുള്ള ആളുകളുമുണ്ട്. മുസ്‌ലീംകളെന്ന് എന്തായാലും പറയപ്പെടണം, കാരണം അവർ മുസ്‌ലീംകളാണല്ലോ. പക്ഷേ, എത്രത്തോളം പ്രകടിപ്പിക്കേണമോ അത്രത്തോളം പ്രകടിപ്പിക്കുന്നില്ല. വാസ്തവത്തിൽ മറ്റു മുസ്‌ലീംകളുടെ പ്രവർത്തനംകൊണ്ട് ഇസ്‌ലാമിന്റെ യഥാർഥമായ ചിത്രം ലോകത്തിനുമുമ്പിൽ കാണിക്കണമെന്നും മുസ്‌ലിംകളുടെ ഇന്നത്തെ പരിതാപകരമായ അവസ്ഥ ഇസ്‌ലാം സത്യമാണെന്നതിന് തെളിവാണെന്നും അവരോടു പറയാനുള്ള ധൈര്യം കൂടുതൽ വർധിക്കുകയാണ് വേണ്ടത്. എന്തുകൊണ്ടെന്നാൽ മുസ്‌ലീംകളിൽ ഛിദ്രതയും കലഹവും കുഴപ്പവും ഉണ്ടാകുന്ന ഒരു കാലം വരുമെന്നും നാമമാത്ര ഉലമാ ആയിരിക്കും അതിന്റെ ഉത്തരവാദികളെന്നും നബി(സ)തിരുമേനി പ്രവചനം ചെയ്തിരുന്നു. (അൽ ജാമിഉ ലിശുഅ്ബിൽ ഈമാൻ ലിൽബയ്ഹഖി ഭാഗം 3 ഹദീഥ് 1763) ഭൗതികത മുസ്‌ലീംകളിൽ അതിജയിക്കുന്നതായിരിക്കും. ആ നേരത്ത് മസീഹ് മൗഊദിന്റേയും മഹ്ദിയെ മഅ്ഹൂദിന്റേയും വെളിപ്പെടലുണ്ടാകും. അദ്ദേഹം ഇസ്‌ലാമിന്റെ യഥാർഥമായ ചിത്രം ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നതാണ്. അഹ്മദികളായ നമ്മൾ ആ മസീഹ് മൗഊദിനെ വിശ്വസിച്ചവരാണ്. യഥാർഥ ഇസ്‌ലാമിന്റെ അധ്യാപനം എത്രമാത്രം മനോഹരമായ രീതിയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ കാണിക്കുകയും പഠിപ്പിക്കുകയും ചെയ്തുവോ അതനുസരിച്ച് പ്രവർത്തിക്കുന്നവരാണ്. അതുകൊണ്ട് ഒരു അപകർഷതാബോധത്തിന്റേയും ആവശ്യമില്ല.

ഇപ്രകാരംതന്നെ ചിലയാളുകൾ ഈ പാശ്ചാത്യദേശത്തു വന്നിട്ട് ഭൗതികമായ ചുറ്റുപാടുകൾക്ക് വിധേയരായി ഭൗതികമായ അന്തരീക്ഷത്തിൽ കൂടുതൽ മുങ്ങിപ്പോയി. നാവുകൊണ്ട് ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു. പക്ഷേ, യഥാർഥത്തിൽ കർമം അതിന് കടകവിരുദ്ധമാണ്. നമ്മുടെ അഹ്മദികൾ ഇവിടെത്തെ ആളുകളുമായി ഇടപഴകുന്നതിനും സൽസ്വഭാവങ്ങൾ മറ്റുള്ളവരെ കാണിക്കുന്നതിനും വളരെ ഉത്തമരാണ്. പക്ഷേ, ആരാധനയിലും

അല്ലാഹുവിനോടുള്ള കടമ നിർവഹിക്കുന്നതിലും ഒരു അഹ്മദിക്ക് ഉണ്ടായിരിക്കേണ്ടുന്നതായ നിലവാരം അവർക്കില്ല.

ഇപ്രകാരംതന്നെ പരസ്പരമുള്ള ബന്ധങ്ങളുടെ നിലവാരത്തിലും കുറവുണ്ട്. ഭാരവാഹികൾ ആദരവോടും ബഹുമാനത്തോടുംകൂടി ആളുകളോടു പെരുമാറുന്നതിലും കുറവുണ്ട്. വിവിധ സ്ഥലങ്ങളിൽനിന്ന് പരാതികൾ കിട്ടിക്കൊണ്ടിരിക്കുന്നു. ആളുകൾ അവരുടെ മനസ്സിൽ ഭാരവാഹികളോടു ആദരവോടു കൂടിയ വികാരങ്ങളുടെ നിലവാരം മെച്ചപ്പെടുത്തേണ്ടതിന്റേയും ആവശ്യമുണ്ട്. വെറും വിശ്വാസപരമായ പരിഷ്കരണം ചെയ്യുന്നതിനുള്ള ജമാഅത്ത് സ്ഥാപിക്കാൻ അല്ല ഹദ്റത്ത് മസീഹ് മൗഊദ്(അ)ആഗതരായത്. പ്രത്യുത എല്ലാ തലങ്ങളിലും എല്ലാ അടിസ്ഥാനത്തിലും കർമപരമായ പരിഷ്കരണം നടത്തുന്ന ജമാഅത്തായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നമ്മൾ അതു കരസ്ഥമാക്കുന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ടോ? എന്ന് നമ്മളിലോരോരുത്തരും ആത്മപരിശോധന നടത്തേണ്ടതാണ്.

ജർമനിയിൽ തുടർച്ചയായി മസ്ജിദുകൾ നിർമിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ജമാഅത്തുകൾ സ്ഥാപിതമായിക്കൊണ്ടിരിക്കുകയണ്. ജമാഅത്തിനെ കുറിച്ചുള്ള പരിചയപ്പെടൽ വർധിച്ചുകൊണ്ടിരിക്കുന്നതിനോടൊപ്പം നമ്മുടെമേൽ നിരൂപണ ദൃഷ്ടിയും കൂടുതലായി ഉണ്ടായിക്കൊണ്ടിരിക്കും. നമ്മുടെ അംഗസംഖ്യ വർധിക്കുമ്പോൾ ലോകം നമ്മെ പരിചയപ്പെടുന്നതായിരിക്കും. ലോകം നമ്മെ പരിചയപ്പെടുമ്പോൾ വിമർശന ദൃഷ്ടിയും വർധിക്കുമെന്നത് സ്വാഭാവികമാണ്. അത് വർധിച്ചുകൊണ്ടേ ഇരിക്കുന്നു. ഇക്കാര്യം നമ്മളിൽ എല്ലാ ഓരോരുത്തരും തങ്ങളുടെ കർമപരമായ അവസ്ഥകളുടെ നിലവാരം ഉയർത്താനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തതിന്റെ ഉദ്ദേശ്യം പൂർത്തിയാക്കാനും നമ്മളോടു ആവശ്യപ്പെടുന്നു.

ഞാൻ എപ്പോഴും പറയുകയും പിന്നീട് ഓർമിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യാറുണ്ട്. കുറഞ്ഞത് 99.9 ശതമാനം അഹ്മദികൾക്കും ഇവിടെ വന്ന് താമസിക്കാൻ അനുവാദം കിട്ടിയിട്ടുള്ളത് അവരുടെ വ്യക്തിപരമായ എന്തെങ്കിലും ഗുണംകൊണ്ടല്ല. പ്രത്യുത അഹ്മദിയ്യത്ത് കാരണത്താലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഇവിടെ വന്ന് താമസിക്കുന്ന എല്ലാ അഹ്മദികളും അഹ്മദിയ്യത്തിന്റെ നിശബ്ദരായ മുബല്ലിഗാണ്. അല്ലാഹുവിന്റെ കൃപയാൽ ഇവിടെത്തെ ഭൂരിപക്ഷം അഹ്മദികളുടേയും നല്ല മാതൃകകളും നല്ല ബന്ധങ്ങളും കാരണത്താൽ ജനങ്ങളുടെമേൽ ജമാഅത്തിന്റെ നല്ല സ്വാധീനമുണ്ട്. അതിന്റെ പ്രകടനം വിവിധ അവസരങ്ങളിൽ ഉണ്ടാകാറുമുണ്ട്.

കഴിഞ്ഞ കുറച്ചു ദിവസമായി ജർമനിയിലെ വിവിധ നഗരങ്ങളിൽ മസ്ജിദുകളുടെ ഉൽഘാടനങ്ങളുടേയും ശിലാസ്ഥാപന കർങ്ങളുടേയും പരിപാടികൾ നടന്നു വരികയാണ്. അതിനുള്ള അവസരം കിട്ടി. അവയിൽ പങ്കെടുത്ത തദ്ദേശവാസികളുടേയും തദ്ദേശ രാഷ്ട്രീയക്കാരുടേയും അഭിപ്രായങ്ങളിൽനിന്ന് മനസ്സിലാകുന്നത് അല്ലാഹുവിന്റെ കൃപയാൽ തദ്ദേശവാസികളിൽ തദ്ദേശ അഹ്മദികളുടെ നല്ല സ്വാധീനമുണ്ടെന്നാണ്. പക്ഷേ, ഇസ്ലാമിന്റെ യഥാർഥ അധ്യാപനം എത്രത്തോളം ജനങ്ങളെ പരിചയപ്പെടുത്തണമായിരുന്നുവോ അത്രത്തോളം ഉണ്ടായിട്ടില്ലെന്ന് എനിക്കു തോന്നി. എന്തുകൊണ്ടെന്നാൽ, ഞാൻ ഇസ്ലാമികാധ്യാപനങ്ങളെ കുറിച്ച് ആ അവസരങ്ങളിൽ സംസാരിക്കുമ്പോൾ, അല്ലെങ്കിൽ ഞാൻ അവരുമായി നേരിട്ട് സംസാരിച്ചപ്പോൾ അവർ പറഞ്ഞത് ഇസ്ലാമിന്റെ ഈ യഥാർഥ അധ്യാപനം തങ്ങൾക്കറിയില്ലായിരുന്നു എന്നാണ്. ഇസ്ലാമിന്റെ മനോഹരമായ അധ്യാപനത്തിന്റെ ഈ വശം തങ്ങളിൽനിന്ന് മറഞ്ഞിരിക്കുകയായിരുന്നെന്നും തങ്ങളുടെ മനസ്സിലുണ്ടായിരുന്നത് മാധ്യമങ്ങൾ തങ്ങൾക്കു കാണിച്ചുതരുന്ന ഇസ്ലാമായിരുന്നുവെന്നും എല്ലാവരും പരസ്യമായി പറഞ്ഞു.

അദ്ദേഹം ഇങ്ങനേയും വെളിപ്പെടുത്തി. ചില അഹ്മദികളെ ഞങ്ങൾക്കറിയാം എന്നതിൽ സംശയമില്ല. അവർ ക്ഷണിച്ചതനുസരിച്ചാണ് ഞങ്ങൾ ഇവിടെ വന്നിട്ടുള്ളത്. എങ്കിലും ഞങ്ങളുടെ മനസ്സുകളിൽ ആശങ്കകൾ നിലനിന്നിരുന്നു. ആരെങ്കിലുമായി വ്യക്തിപരമായ ബന്ധമുണ്ടാകുന്നതും ബന്ധം വെക്കുന്നതും തികച്ചും വിഭിന്നമായ കാര്യമാണ്. ജമാഅത്തുപരമായ നിലയിൽ ആരെയെങ്കിലും ഫംഗ്ഷനിൽ വിളിക്കലും കൊണ്ടുവരലും ജമാഅത്തിനെ ഉദ്ധരിച്ച് സംസാരിക്കലും തികച്ചും മറ്റൊരു കാര്യമാണ്. വ്യക്തിപരമായ നിലയിൽ ഇയാൾ നല്ലയാളായിരിക്കാമെന്നും തങ്ങളുടെ സുഹൃത്താണെന്നും ആളുകൾ മനസ്സിലാക്കുന്നു. പക്ഷേ, ജമാഅത്തെന്ന നിലയിൽ അയാളുടെ അവസ്ഥയെന്താണെന്നും അവരുടെ ചിന്താഗതികളെന്താണെന്നും തങ്ങൾക്കറിയില്ല. ഇവരും വല്ല ഭീകരവാദികളായിരിക്കുമോ? അതുകൊണ്ട് അത്തക്കാരുടെ മനസ്സിൽ ആശങ്കകൾ നിലനില്ക്കുന്നു. ഈ പൊതുവായിട്ടുള്ള അഭിപ്രായവും ഇത്തരം ആശങ്കകളും എല്ലാ രാജ്യങ്ങളിലേയും അമുസ്ലീംകളിലും ഞാൻ കണ്ടിട്ടുണ്ട്. അതായത് മുസ്ലീംകളുടെ ഈ ഫംഗ്ഷനി ൽ പങ്കെടുത്താൽ എന്താണ് സംഭവിക്കുക? ഒരു പക്ഷേ, ഭീകരപ്രവർത്തനം നേരിടേണ്ടി വരും. പക്ഷേ, നിങ്ങളുടെ പരിപാടിയിൽ പങ്കെടുത്ത് തങ്ങളുടെ ചിന്താഗതികൾ തികച്ചും തെറ്റായിരുന്നുവെന്ന് തങ്ങൾക്ക് അറിയാൻ കഴിഞ്ഞു എന്നും അവർ പറഞ്ഞു. താങ്കൾ പറഞ്ഞ കാര്യങ്ങളെല്ലാം ഞങ്ങൾക്ക് മനസ്സിലായി.

ഇക്കാര്യങ്ങൾ കേട്ട് ഇസ്ലാം ഒരു സമാധാനനിർഭരവും ജനങ്ങളെ സ്നേഹിക്കുന്നതുമായ മതമാണെന്നും സ്നേഹം പരത്തുന്ന മതമാണെന്നും കുറച്ചാളുകളുടെ ചെയ്തികൾ ഇസ്ലാമിനോടു ചേർത്തുപറയാൻ പാടില്ലെന്നും തങ്ങൾക്ക് മനസ്സിലായെന്ന് വിവിധ സ്ഥലങ്ങളിലെ ആളുകൾ അഭിപ്രായം പ്രകടിപ്പിച്ചിരുന്നു. ഇതെന്നോടു അവർ നേരിട്ട് പറഞ്ഞതാണ്.

ഇവിടേയും വിവിധ പരിപാടികളിലും ലോകത്തുള്ള മറ്റു സ്ഥലങ്ങളിലും ഞാൻ പറഞ്ഞതുപോലുള്ള ആളുകളെ കാണാൻ കഴിയുന്നതാണ്. താങ്കളുടെ വാക്കുകൾ കേട്ട് ഇസ്ലാമിനക്കുറിച്ചുള്ള തങ്ങളുടെ സംശയങ്ങളും സന്ദേഹങ്ങളും ആശങ്കകളും മാത്രമല്ല അകന്നതെന്നും പ്രത്യുത തങ്ങൾക്ക് ഏതെങ്കിലും മതത്തിലേക്ക് വരേണ്ടിവന്നാൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിലേക്കായിരിക്കും വരികയെന്നും അവർ പ്രകടിപ്പിക്കുകയുണ്ടായി.

'ഇസ്ലാമിന്റെ കാര്യങ്ങൾ നമ്മളിൽനിന്ന് കേട്ട് ആളുകൾ എങ്ങനെയാണ് തങ്ങളുടെ ചിന്താഗതികൾ മാറ്റുന്നത്. അതിനുള്ള ചില ഉദാഹരണങ്ങൾ ഞാൻ നല്കുകയാണ്.

ആദ്യ മസ്ജിദ് വാൾഡ്ശട്ടി(Waldshut)ലേതായിരുന്നുവെന്നാണ് തോന്നുന്നത്. അവിടെ പരിപാടിയിൽ പങ്കെടുത്ത ഒരു സാഹിബ് സൈമൺ ക്ലൗസ് (klaus) പറഞ്ഞു: ഇസ്ലാമിനെക്കുറിച്ചുള്ള എന്റെ ചിന്താഗതികളെല്ലാം ഇന്ന് ആകെ മാറിപ്പോയി. ജിഹാദിന്റെ യഥാർഥ അർഥം ഇന്നാണ് എനിക്കു മനസ്സിലായത്. ജിഹാദിന്റെ ഈ യഥാർഥ അർഥം മനസ്സിലായതിനുശേഷം ജിഹാദ് എന്ന പദം കേട്ട് ഭയപ്പെടേണ്ട ഒരു കാരണവുമില്ല. എന്നല്ല അതിൽ ഭയപ്പെടേണ്ടതായ ഒരു കാര്യവും ഇല്ലതന്നെ.' അദ്ദേഹം പറയുന്നു: ഇവിടെ വരുന്നതിനുമുമ്പേ എന്റെമേൽ ഭീകരാക്രമണം ഉണ്ടാകുമോ എന്ന് ഞാൻ ചിന്തിക്കുകയും ഭയക്കുകയുമായിരുന്നു. അതുകൊണ്ടുതന്നെ ക്ഷണം കിട്ടിയ ശേഷം പങ്കെടുക്കേണ്ടെന്നാണ് ഞാൻ ആദ്യം തീരുമാനിച്ചത്. പിന്നീട് ഇന്റർനെറ്റിലൂടെ ജമാഅത്തിനെക്കുറിച്ച് മനസ്സിലാക്കുകയും വീഡിയോ കാണുകയും ചെയ്തിരുന്ന ഒരു സുഹൃത്ത് ഇവർ വളരെ സമാധാനകാംക്ഷികളാണെന്നും അതിനാൽ അവരുടെ പരിപാടിയിൽ പങ്കെടുക്കുന്നതുകൊണ്ട് കുഴപ്പമൊന്നുമില്ലെന്നും എന്നോടു പറഞ്ഞു.' അദ്ദേഹം പറയുന്നു, എങ്കിലും എനിക്കു ഭയമുണ്ടായിരുന്നു. പക്ഷേ, ഇന്ന് ഈ ഫംഗ്ഷനിൽ പങ്കെടുക്കുന്ന് കഴിഞ്ഞതിന് ഞാൻ നന്ദി പറയുകയാണ്. ഇതിൽ പങ്കെടുത്തുകൊണ്ട് നിങ്ങൾ ജീവിതം എടുക്കുന്നവരല്ല മറിച്ച് ജീവിതം നല്കുന്നവരാണെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. മനുഷ്യരോടുള്ള സഹതാപവും സൃഷ്ടിസേവന പ്രവർത്തനവും കാരണത്താൽ നി ങ്ങൾ ലോകത്തിന് ജീവിതം നല്കുന്നവരാണ്.'

ഒരു ഫ്രാൻസിസ് ഡോക്ടർ വന്നിരുന്നു. അദ്ദേഹം പറഞ്ഞു:'വിദ്വേഷത്താലല്ലാതെ സ്നേഹത്താൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഇസ്ലാമിനെ ഞാൻ ഇന്നു കണ്ടു.'

രണ്ടാമത്തെ മസ്ജിദിന്റെ ഉദ്ഘാടനം നടന്നു. അവിടേയും ഒരു സ്ത്രീ പറഞ്ഞു:'ഞാൻ ഇന്നു കേട്ട കാര്യങ്ങൾ ഒരിക്കലും ഒരു മുസ്ലിം ലീഡറിൽനി ന്നും കേട്ടിട്ടില്ല.' ഒരു സ്ത്രീ പറഞ്ഞു: ഇസ്ലാം ഒരു സമാധാന നിർഭരവും കരുണ ചൊരിയുന്നതുമായ മതമാണെന്ന് ഇന്ന് എനിക്കു ബോധ്യപ്പെട്ടു. ഇസ് ലാം അയൽവാസികളുടെ അവകാശങ്ങളെ എത്രമാത്രം കാത്തുസൂക്ഷിക്കുന്നുവെന്ന് എനിക്കു മനസ്സിലായി.

ഒരു സിറിയൻ മുസ്ലിം ഫംഗ്ഷനിൽ പങ്കെടുത്തിരുന്നു.അദ്ദഹം പറഞ്ഞു: 'ഇന്നത്തെ ദിവസം എനിക്ക് വളരെ വികാരനിർഭരമായ ദിവസമായിരുന്നു. ഇവിടെ വരുന്നതിനുമുമ്പേ എന്നോടു പറഞ്ഞിരുന്നത് അല്ലെങ്കിൽ പൊതുവെയുള്ള സങ്കല്പം അഹ്മദികൾ മുസ്ലീംകളല്ലെന്നായിരുന്നു. അവരുടെ ഖുർആൻ വേറെയാണെന്നായിരുന്നു. പക്ഷേ, ഇപ്പോൾ അതെല്ലാം കളവാണെന്ന് എനിക്കറിയാൻ കഴിഞ്ഞു. മറ്റു മുസ്ലീംകൾ വിശ്വസിക്കുന്ന വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നവരാണ് അഹ്മദികൾ. എന്നല്ല അതനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരാണ്. അതേ റസൂലിൽ വിശ്വസിക്കുന്നവരാണ്.' പിന്നീട് ഞാനുമായി കൂടിക്കാഴ്ച നടത്തിയതിനുശേഷം പറഞ്ഞു:'ഇപ്പോൾ ഞാൻ അഹ്മദിയാകാൻ തികച്ചും സാധ്യതയുണ്ട്.'

ഇതേ അഭിപ്രായങ്ങൾ ഇവിടെ ശിലാസ്ഥാപന കർമങ്ങളിൽ പങ്കെടുത്ത അതിഥികളും പറഞ്ഞിരുന്നു; ഇപ്രകാരംതന്ന് മാബർഗിലും. മാർബർഗ് യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലർ പറഞ്ഞു:ഈ നേരത്ത് ഞാൻ പരിപൂർണമായും വികാരങ്ങൾക്ക് അടിപ്പെട്ടിരിക്കുകയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയുടെ പ്രസംഗം കേട്ട് പ്രത്യേകിച്ചും (ഞാൻ അവിടെ എന്റെ പ്രസംഗത്തിൽ രണ്ടു സ്വർഗത്തെ കുറിച്ചുള്ള സങ്കല്പം വിവരിച്ചിരുന്നു. ഈ ലോകത്തു ലഭിക്കുന്ന സ്വർഗവും പരോലകത്ത് ലഭിക്കുന്ന സ്വർഗവും. ഈ ലോകത്തും പരലോകത്തും സ്വർഗമുണ്ടെന്നാണ് ഇസ്ലാമികാധ്യാപനമെന്നും പറഞ്ഞിരുന്നു)രണ്ടു സ്വർഗത്തെ കുറിച്ചുള്ള സങ്കല്പം. അതിന്റെ വിശദീകരണം കേട്ട് ഞാൻ വളരെ ആകർഷിതയായിരിക്കുന്നു. എങ്ങനെയാണ് ഈ ലോകത്തിലെ സ്വർഗം കരസ്ഥമാകുന്നത്? എങ്ങനെയാണ് അത് പരലോകത്തെ സ്വർഗത്തിന് മുന്നോടിയാകുന്നത്. അതിലും ഞാൻ ആകർഷിതയായി. എനിക്ക് ഇന്ന് ഇസ്ലാം മതസ്ഥാകരായ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലായുടെ ജീവിതവും ഇസ്ലാമിന്റെ പ്രാരംഭകാല ചരിത്രവും മനസ്സിലായെന്നും അവർ പറഞ്ഞു. കടമകൾ എങ്ങനെ നിറവേറ്റണമെന്നാണ് ഇസ്ലാം പറയുന്നതെന്നും അറിയാൻ കഴിഞ്ഞു.' അവർ പറഞ്ഞു:'ഇതെല്ലാം ലോകം മനസ്സിലാക്കിയിരുന്നെങ്കിൽ ലോകത്ത് സമാധാനവും സ്നേഹവും സാഹോദര്യവും സ്ഥാപിതമാകുമായിരുന്നു.' അവർ എത്രമാത്രം വികാരനിർഭരയായിരുന്നെന്നാൽ അവരുമായി സംസാരിച്ചിരുന്നവർ പറയുന്നു: കരഞ്ഞുകൊണ്ട് അവർ പറഞ്ഞു:'ഇതിനെക്കാൾ കൂടുതൽ എനിക്കൊന്നും പറയാൻ കഴിയുന്നില്ല. സംസാരിക്കാൻ എനിക്ക് ശക്തിയുമില്ല.'

ഒരു ക്രിസ്ത്യാനി സ്ത്രീ മുസ്ലീംകളുടെ ഒരു പരിപാടിയിൽ പങ്കെടുക്കുന്നു. ആദ്യം അവർക്ക് ഇസ്ലാമികാധ്യാപനങ്ങളെക്കുറിച്ച് ഒന്നും അറയില്ല. പരിചയവുമില്ല. എന്നല്ല അമീർ സാഹിബ് എന്നോടു പറഞ്ഞു:'അവർക്ക് ജമാഅത്തിനെ കുറിച്ച് പരിചയമില്ലായിരുന്നു. താൻ എവിടെയാണെന്ന് അവർ അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. വൈസ്ചാൻസലറാണ്. വിദ്യാസമ്പന്നയാണ്. സ്ത്രീയാണ്. പക്ഷേ, അവർ ചിലകാര്യങ്ങൾ കേട്ട് ഇത്രമാത്രം വികാരഭരിതയാകുന്നു. തന്റെ വികാരങ്ങളെ നിയന്ത്രിക്കാൻ അവർക്കു കഴിയുന്നില്ല. അത്രമാത്രം മനോഹരമാണ് ഇസ്ലാമികാധ്യാപനം. അതുകൊണ്ട് നമുക്ക് ഏതെങ്കിലും തരത്തിലുള്ള അപകർഷതാബോധത്തിനോ എന്തെങ്കിലും കോംപ്ലക്സിനോ ഒരു വകയുമില്ല.

ഒരു സ്ത്രീ മിസ്സ് ഈസ്തർ(Easther) പറഞ്ഞു: 'ഇവിടെ ഞാൻ മനസ്സിൽവച്ചുകൊണ്ടു വന്ന എന്റെ എല്ലാ ചോദ്യങ്ങൾക്കും നിങ്ങളുടെ ഖലീഫ മറുപടി തന്നു.' പറഞ്ഞു:ഇന്ന് ഞാൻ എത്രമാത്രം മനോഹരമായ കാര്യമാണ് കേട്ടതെന്നാൽ നാളെ ഇസ്ലാമിന്റെ പേരിൽ ഏതെങ്കിലും ഉഗ്രവാദി ആക്രമണം നടത്തുകയും ജനങ്ങൾ അവനിലേക്ക് തിരിയുകയും ഈ സമാധാനനിർഭരമായ സന്ദേശത്തെ മറക്കുകയും ചെയ്യുമോ എന്നാണ് എന്റെ ഭയം. ഈ വേദനയാണ് എനിക്കുള്ളത്. ഈ പ്രയാസമാണ് എനിക്കുള്ളത്.'

ഈ ബോധങ്ങളാണ് ജനഹൃദയങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇപ്രകാരമുള്ള നിരവധി നിരൂപണങ്ങളുണ്ട്. എല്ലായിടത്തും ഇത്തരത്തിലുള്ള നിരൂപണങ്ങളുണ്ടായി; ജനങ്ങൾ ഈ സമാധാനനി ർഭരമായ സന്ദേശം മറന്നുപോകുമെന്ന് ഈ സ്ത്രീ പറഞ്ഞതുപോലെ. ഇത് വാസ്തവമാണ്, ഇപ്രകാരമാണ് സംഭവിക്കുന്നതും. ഇസ്ലാമിന്റെ നല്ല ചിത്രം ഒരിക്കലും ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കപ്പെടാതിരിക്കാനാണ് പ്രത്യേകമായും മാധ്യമങ്ങൾ ശ്രമിക്കുന്നത്. അതുകൊണ്ട് ഇസ്ലാമിന്റെ ഈ സന്ദേശത്തെ-ഇത്

സ്നേഹത്തിന്റേയും അനുരക്തിയുടേയും മൈത്രിയുടേയും സമസൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നതിന്റേയും സന്ദേശമാണ്- പ്രചരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടുപോകുക എന്നതാണ് നമ്മുടെ ജോലി.

ഇസ്‌ലാമിന്റെ പേരിൽ നാമമാത്ര മുസ്‌ലീംകൾ ചെയ്തുകൊണ്ടിരിക്കുന്ന നെഗറ്റീവായിട്ടുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ശേഷം നമ്മുടെ ജോലിയാണ് പോസിറ്റീവായിട്ടുള്ള അധ്യാപനങ്ങൾ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുക എന്നത്. വിവിധ പരിപാടികളിൽ പങ്കെടുക്കുന്ന അതിഥികളുമായും ആളുകളുമായും ബന്ധങ്ങളുള്ളവരുമായും നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കേണ്ടതാണ്. എന്തുകൊണ്ടാണ് അവരിൽ ജമാഅത്തിന്റെ സ്വാധീനമുണ്ടായത്? അതിനുകാരണമെന്താണ്? എന്തായാലും മറ്റു മുസ്‌ലീംകൾ പാരായണം ചെയ്യുന്ന ഖുർആനാണ് നമ്മളും പാരായണം ചെയ്യുന്നത്. മറ്റു മുസ്‌ലീംകൾ നമസ്കരിക്കുന്ന അതേ നമസ്കാരമാണ് നമ്മളും നമസ്കരിക്കുന്നത്. നബി(സ)തിരുമേനിയുടെമേൽ ഇറങ്ങിയ അതേ ശരീഅത്തുതന്നെയാണ് നമ്മളും വിശ്വസിക്കുന്നത്. ആമഹാത്മാവിനെ നമ്മളും അവസാന നബിയായി വിശ്വസിക്കുന്നു. ഈ എല്ലാ സ്വാധീനങ്ങളുമുണ്ടായിട്ടുള്ളത് നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതുകൊണ്ടാണ്. ഞാൻ പറഞ്ഞതുപോലെ അവിടന്ന് യഥാർഥ ഖുർആനികാധ്യാപനം ഇതാണെന്ന് പറഞ്ഞ് ഇസ്‌ലാമിന്റെ യാഥാർഥ്യം തുറന്ന് നമ്മുടെ മുമ്പിൽവച്ചു. ഇതു പ്രചരിപ്പിക്കേണ്ടത് എല്ലാ അഹ്മദികളുടേയും ജോ ലിയാണ്. നമ്മുടെ ഉള്ളിൽ കർമപരമായ മാറ്റങ്ങൾ ഉണ്ടാക്കേണ്ടത് ആവശ്യമാണെന്നതുപോലെതന്നെ ആമഹാത്മാവിന്റെ സാഹിത്യങ്ങൾ പ്രചരിപ്പിക്കേണ്ട ആവശ്യവും നമുക്കുണ്ട്. ഇതാണ് നമ്മുടെ ജോലി; എന്നല്ല നമ്മുടെ ഉത്തരവാദിത്വമാണ്.

ഞാൻ പറഞ്ഞതുപോലെ മാർബർഗിൽ മസ്ജിദിന് തറക്കല്ലിട്ടു. അവിടെ ഒരുപാട് അതിഥികളിൽ യൂണിവേഴ്സിറ്റിയിലെ പ്രൊഫസർമാരും വിദ്യാർഥികളും പങ്കെടുത്തിരുന്നു. വൈസ് ചാൻസലറുംവന്നിരുന്നു. അവരുടെ അഭിപ്രായങ്ങൾ ഞാൻ പറഞ്ഞതാണ്. അവിടെ യൂണിവേഴ്സിറ്റിയിലെ ഈജിപ്റ്റുകാരായ രണ്ടു പ്രൊഫസർമാരും വന്നിരുന്നു. അവർ ഇസ്‌ലാമിക വിഷയങ്ങളും അറബിയും പഠിപ്പിക്കുന്നവരായിരുന്നു. ഞാൻ ചോദിച്ചപ്പോൾ താൻ ഇസ്‌ലാമിക വിഷയങ്ങളിൽ ഫിലോസഫിയാണ് പഠിപ്പിക്കുന്നതെന്ന് ഒരാൾ പറഞ്ഞു. താങ്കൾ വാഗ്ദത്ത മസീഹിന്റെ ഇസ്‌ലാംമത തത്ത്വജ്ഞാനം എന്ന പു സ്തകം വായിച്ചിട്ടുണ്ടോ? എന്നു ഞാൻ ചോദിച്ചു. ഇല്ലെന്നായിരുന്നു മറുപടി. ഞാൻ അദ്ദേഹത്തോടു പറഞ്ഞു:'അതു തീർച്ചയായും താങ്കൾ വായിക്കേണ്ടതാണ്. അതുവായിക്കാതെ താങ്കൾ അവിടേയും ഇവിടേയും നിന്ന് എന്തെല്ലാം ഗ്രന്ഥങ്ങൾ വായിച്ചാലും ശരി, ഇസ്‌ലാമിക തത്ത്വശാസ്ത്രത്തിന്റെ അഗാധമായ അറിവ് ലഭിക്കുകയില്ല.

ഞാൻ അത്ഭുതപ്പെട്ടുപോയി. കാരണം ഇശാഅത്തിന്റെ നാഷണൽ സെക്രട്ടറിയാണ് അവരെ കൂട്ടിക്കൊണ്ടുവന്നത്. യൂണിവേഴ്സിറ്റിയിൽ അവരിൽ ഒരാളുടെ വിദ്യാർഥിയുമായിരുന്നിട്ടുണ്ട്; അല്ലെങ്കിൽ ആണ്. എന്തായാലും അവരുമായി അദ്ദേഹത്തിന് അഗാധ ബന്ധമുണ്ടായിരുന്നു. എന്നിട്ടും എന്താണ് അവർ പഠിപ്പിക്കുന്നത്, എന്തു വിഷയത്തിലാണ് അവർക്കു താൽപര്യമുള്ളത് എന്ന് മനസ്സിലാക്കി അവർക്ക് ഈ ഗ്രന്ഥം നല്കിയില്ല. എന്തായാലും ഉടനെ അദ്ദേഹത്തിന് ഈ ഗ്രന്ഥം എത്തിച്ചുകൊടുക്കാൻ ഞാൻ ഇദ്ദേഹത്തോടു പറഞ്ഞു. ആ ഗ്രന്ഥങ്ങൾ എത്തിച്ചുകൊടുത്തുവെന്ന് പറഞ്ഞ് ഇന്നലെ ഇദ്ദേഹത്തിന്റെ കത്തും വന്നിരുന്നു. അവർക്ക് അറബിയിലുള്ള ഗ്രന്ഥമായിരുന്നു അയക്കേണ്ടിയിരുന്നത്. സ്വന്തം ഭാഷയിലാകുമ്പോൾ അവർക്ക് കാര്യങ്ങൾ എളുപ്പം മനസ്സിലാകും. അതു വായിച്ച് ഇസ്‌ലാമിന്റെ യാഥാർഥ്യം തങ്ങൾക്കു മനസ്സിലായി എന്നുപറഞ്ഞ് നിരവധി അറബികൾ എനിക്കെഴുതിയിട്ടുണ്ട്. ആ ഗ്രന്ഥം തങ്ങളുടെ മുഖച്ഛായതന്നെ മാറ്റി എന്നു പറഞ്ഞ് പല ക്രിസ്ത്യാനികളും മറ്റുള്ളവരും എനിക്കെഴുതിയിട്ടുണ്ട്. പരേതനായ മുസ്തഫാ ഥാബിത് സാഹിബ് ജമാഅത്തിന്റെ വലിയ ആലിമായിരുന്നു. അദ്ദേഹം പറഞ്ഞിരുന്നത് അദ്ദേഹത്തെ അഹ്മദിയ്യത്തിൽകൊണ്ടുവന്നതിന് ഏറ്റവും കൂടുതൽ പങ്കുവഹിച്ചത് ഈ ഗ്രന്ഥമായിരുന്നുവെന്നാണ്. വിദ്യാസമ്പന്നരായ ആളുകളെ പരിചയപ്പെടുത്താൻ അവർക്ക് ഈ ഗ്രന്ഥം നല്കേണ്ടതാണ്.

ചില യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന നമ്മുടെ ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും ചിന്താഗതി ഒരുപക്ഷേ, പഴയകാല കർമശാസ്ത്ര പണ്ഡിതന്മാരേയും ആലിമീംകളേയും പഠിച്ചിട്ട് അല്ലെങ്കിൽ പഴയകാല ഇമാമുകളുടേയും വൊലിമാരുടേയും സ്മരണിക പഠിച്ചിട്ട് അവരുടെ അറിവ് ഒരുപാട് വർധിച്ചുവെന്നാണ്. തങ്ങളുടെ അറിവിനെ നേരിടാൻ ആർക്കും കഴിയില്ലത്രെ! ഒരുപക്ഷേ, അവരുടെ അറിവ് വർധിച്ചിട്ടുണ്ടാകും. പക്ഷേ, അവരെക്കാൾ കൂടുതൽ അറിവ് അനഹ്മദി ഉലമാക്കുണ്ട്. അതുകൊണ്ട് വെറും അത് പഠിച്ച് ആലിമായി എന്ന് മനസ്സിലാക്കരുത്. ഈ കീടാണു ആരുടെയെങ്കിലും മനസ്സിലുണ്ടെങ്കിൽ അതിനെ പുറത്തുകളയേണ്ടതാണ്. പഴയകാല ഉലമായേയും വൊലിമാരേയും ഇപ്പോൾ ഉപേക്ഷിക്കുക. ഇപ്പോൾ യഥാർഥ അറിവും ഇസ്‌ലാമിന്റെ ശരിയായ ചിത്രവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിച്ചെങ്കിൽമാത്രമെ ലഭിക്കുകയുള്ളു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പുറപ്പെടുവിച്ചിട്ടുള്ള വിധികളാണ് യഥാർഥ വിധികൾ. അവിടത്തെ ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ ഏതൊരു വ്യാഖ്യാനമാണോ അവിടത്തെ ഖലീഫമാർ നല്കിയിട്ടുള്ളത് ആ വ്യാഖ്യാനങ്ങളാണ് യഥാർഥ വ്യാഖ്യാനങ്ങൾ. അവ വായിക്കുകയും നി ങ്ങളുടെ അറിവുകൾ വർധിപ്പിക്കുകയുംചെയ്യുക. 'ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാലത്തെ നീ തിമാനായ വിധികർത്താവായിക്കൊണ്ടാണ് വന്നിരിക്കുന്നത്. ഇക്കാര്യം നമ്മൾ എപ്പോഴും നമ്മുടെ മുമ്പിൽ വെക്കേണ്ടതാണ്. അതുകൊണ്ട് എന്തൊന്നാണോ അവിടന്ന് പറഞ്ഞത് അതാണ് സത്യവും ഇസ്‌ലാമികാധ്യാപനങ്ങളുടെ യാഥാർഥ്യവും. അതുകൊണ്ട് മറ്റുള്ളവരുടെ ഗ്രന്ഥങ്ങൾ വായിച്ച്, ഉലമാക്കളുടെ ഗ്രന്ഥങ്ങൾ വായിച്ച്, കർമശാസ്ത്രപണ്ഡിതന്മാരുടെ ഗ്രന്ഥങ്ങൾ വായിച്ച് നിങ്ങൾ ആലിമായി എന്ന് മനസ്സിലാക്കരുത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ പഠിക്കാത്തിടത്തോളം ആലിമാകുകയില്ല.

അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഇക്കാലത്തെ പരിഷ്കരണത്തിനായി അയച്ചപ്പോൾ ആ മഹാത്മാവിന് നേരിട്ട് അറിവും പ്രദാനം ചെയ്തിട്ടുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു:'ആരാണോ വിശ്വസിക്കുന്നത് അവൻ ത ന്റെ ഈമാന്റെ സ്ഥാനത്തുനിന്ന് യഖീനിന്റേയും ഇർഫാനിന്റേയും സ്ഥാനം വരെ അഭിവൃദ്ധിപ്പെടേണ്ടതാണ്. അല്ലാതെ അവൻ നിഗമനത്തിൽ കുടുങ്ങിക്കിടക്കുന്നവനാകാൻ പാടില്ല. ഓർമിക്കുക! ഊഹം ഫലപ്രദമാകുകയില്ല. അല്ലാഹു സ്വയം പറയുന്നു: *ഇന്ന ള്ളന്ന ലാ യുഗ്നീ മിനൽഹഖി ശയ്ആ*(10:37)സന്ദേഹങ്ങളും ഊഹങ്ങളും സത്യത്തിന്നെതിരിൽ ഒട്ടും പ്രയോജനപ്പെടുകയില്ല. പറഞ്ഞു:'മനുഷ്യന്റെ ഉദ്ദേശ്യം പൂർത്തിയാക്കൻ കഴിയുന്നത് ദൃഢവിശ്വാസത്തിനുമാത്രമാണ്. യഖീൻ അഥവാ ദൃഢജ്ഞാനം കൂടാതെ ഒന്നുമുണ്ടാകുകയില്ല. മനുഷ്യൻ ഓരോ കാര്യത്തിലും ദുർഭാവന വെച്ചു പുലർത്താൻ തുടങ്ങിയാൽ ഒരു പക്ഷേ, ഒരു നിമിഷംപോലും ലോകത്ത് കഴിച്ചുകൂട്ടാൻ സാധിക്കുകയില്ല.' അവിടന്ന് ഇതിന് ഒരു ഉദാഹരണം നല്കിക്കൊണ്ടു പറയുന്നു:'വിഷം കലർത്തിയിട്ടുണ്ടാകുമെന്നു കരുതി അവന് വെള്ളം കുടിക്കാൻ കഴിയില്ല. നശിപ്പിക്കുന്ന എന്തെങ്കിലും വസ്തു അടങ്ങിയിട്ടുണ്ടാകുമെന്നു കരുതി ബാസാറിൽനിന്ന് ഒന്നും വാങ്ങിത്തിന്നാൻ കഴിയില്ല. പിന്നീട് എങ്ങനെയാണ് അവന് ജീവിക്കാൻ കഴിയുക? പറഞ്ഞു, ഇതൊരു വലിയ ഉദാഹരണമാണ്.' അവിടന്ന് പറയുന്നു:' ഇപ്രകാരമാണ് മനുഷ്യന് ആത്മീയ കാര്യങ്ങളിലും ഫലമെടുക്കാൻ കഴിയുന്നത്. പറഞ്ഞു:'ഇനി സ്വയം ചിന്തിക്കുകയും നിങ്ങളുടെ മനസ്സുകളിൽ തീരുമാനമെടുക്കുകയും ചെയ്യുക. നിങ്ങൾ എന്റെ കൈയി ൽ ബയ്അത്തുചെയ്യുകയും എന്നെ നീതിമാനായ വിധികർത്താവായി വിശ്വസിക്കുകയും ചെയ്തിട്ടുള്ള സ്ഥിതിക്ക്, ആ വിശ്വാസത്തിനുശേഷം എന്റെ ഏതെങ്കിലും വിധിയേയും പ്രവൃത്തിയേയും കുറിച്ച് മനസ്സിൽ എന്തെങ്കിലും വൈമനസ്യമോ വിഷമമോ ഉണ്ടാകുന്നുണ്ടെങ്കിൽ നിങ്ങളുടെ ഈമാനെപറ്റി ചിന്തിച്ചുകൊള്ളുക. അവിടന്ന് പറയുന്നു:'അപകടങ്ങളും സംശയങ്ങളുംകൊണ്ട് നിറഞ്ഞ ഈമാൻ ഒരു സൽഫലവും ഉണ്ടാക്കുന്നതായിരിക്കുകയില്ല. പക്ഷേ, മസീഹ് മൗഊദ് യഥാർഥത്തിൽ നീതിമാനായ വിധികർത്താവാണെന്ന് നിങ്ങൾ സത്യഹൃദയത്തോടെയാണ് അംഗീകരിച്ചിട്ടുള്ളതെങ്കിൽ, അദ്ദേഹത്തിന്റെ വിധിയുടേയും കർമത്തിന്റേയും മുമ്പിൽ നിങ്ങളുടെ ആയുധം ഇടുക. നിശബ്ദരാകുക. നബി(സ)തിരുമേനി പറഞ്ഞ പരിശുദ്ധകാര്യങ്ങളെ ആദരിക്കുന്നവരും മഹത്ത്വപ്പെടുത്തുന്നവരും ആകുന്നതിന് പറയപ്പെട്ടത് അംഗീകരിക്കുകയും അദ്ദേഹത്തിന്റെ വിധികളെ ആദര ദൃഷ്ടിയോടെ നോക്കുകയും ചെയ്യുക.' പറഞ്ഞു: നബി(സ)തിരുമേനിയുടെ സാക്ഷ്യം മതിയായതാണ്. വരുന്ന മസീഹ് മൗഊദ് നിങ്ങളുടെ ഇമാമായിരിക്കുമെന്നും നീതിമാനായ വിധികർത്താവായിരിക്കുമെന്നും അത് സമാധാനിപ്പിക്കുന്നു.' (വരുന്ന വാഗ്ദത്ത മസീഹ് നിങ്ങളുടെ ഇമാമായിരിക്കും.)'അദ്ദേഹം നീതിമാനായ വിധികർത്താവായിരിക്കും. അതിൽ തൃപ്തി ഉണ്ടാകുന്നില്ലെങ്കിൽ പിന്നീട് എപ്പോൾ തൃപ്തി ഉണ്ടാകാനാണ്.' പറയുന്നു:'ഈമാനുണ്ടാകുകയും മനസ്സിന്റെ ഏതെങ്കിലും കോണുകളിൽ തെറ്റായധാരണകളുണ്ടാകുകയും ചെയ്യുക എന്ന രീതി ഒരിക്കലും നല്ലതും അനുഗൃഹീതവുമാവുകയില്ല. 'ഞാൻ സത്യവാനല്ലെങ്കിൽ നിങ്ങൾ പോകുക, സത്യവാനെ അന്വേഷിക്കുക. ഈ നേരത്ത് മറ്റൊരു സത്യവാനെ കിട്ടുകയില്ലെന്ന് തീർച്ചയായും മനസ്സിലാക്കിക്കൊള്ളുക. പിന്നീട് മറ്റൊരു സത്യവാനെ കിട്ടുന്നില്ലെങ്കിൽ-കിട്ടുകയില്ലെന്നത് വേറെ കാര്യം-നബി(സ)തിരുമേനി എനിക്കു നല്കിയിട്ടുള്ള അവകാശം മാത്രമേ ഞാൻ ചോദിക്കുന്നുള്ളു. എന്നെ നിഷേധിക്കുകയും എനിക്കെതിരെ ആക്ഷേപം ഉന്നയിക്കുകയും ചെയ്യുന്നവർ എന്നെ തിരിച്ചറിഞ്ഞിട്ടില്ല. എന്നെ വിശ്വസിച്ചിട്ട് (ബയ്അത്തു ചെയ്തിട്ട്)ആക്ഷേപിക്കുന്നവർ അതിനെക്കാൾ കൂടുതൽ ദൗർഭാഗ്യരാണ്. കാരണം അവർ എന്നെ കണ്ടിട്ട് അന്ധരായിത്തീർന്നവരാണ്. ഇതു വളരെയധികം പ്രധാനപ്പെട്ട കാര്യമാണ്. വിശ്വസിക്കുകയും പിന്നീട് ചില സംശയങ്ങൾ മനസ്സിൽവച്ചുകൊണ്ട് നടക്കുകയും പിന്നീട് അന്ധരായിത്തീരുകയും ചെയ്തവർ കൂടുതൽ പാപികളായിത്തീർന്നു. പറഞ്ഞു:'യാഥാർഥ്യമെന്താണെന്നുവച്ചാൽ ഒരേ സ്ഥലത്തു താമസിക്കുന്നതും പദവിയെ താഴ്ത്താറുണ്ട്.' ഒരേ ചുറ്റുപാടിൽ താമസിക്കുന്നു. കൂടെ താമസിക്കുന്നു. അവിടെ മനുഷ്യന് പദവിയും സ്ഥാനവും അറിയാൻ കഴിയുകയില്ല. അവിടന്ന് ഹദ്റത്ത് ഈസാ(അ)ന്റെ ഉദാഹരണം വിവരിക്കുന്നു. അതുകൊണ്ടാണ് ഹദ്റത്ത് ഈസാ(അ)പറഞ്ഞത്, 'സ്വന്തം നാട്ടിലല്ലാതെ നബി അനാദരണീയനാകുകയില്ല.' പറഞ്ഞു:' ഇതിൽനിന്ന് മനസ്സിലാകുന്നത് അദ്ദേഹത്തിന് സ്വന്തം നാട്ടുകാരിൽനിന്ന് എന്തെന്തെല്ലാം ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നു എന്നാണ്. ഇതു പ്രവാചകന്മാരോടു അനുവർത്തിച്ചു വരുന്ന ഒരു നടപടിയാണ്. അപ്പോൾ നമുക്കെങ്ങനെ അതിൽനിന്ന് വേറിട്ടു നില്ക്കാൻ കഴിയും?'

അതിനാൽ അഹ്മദിയ്യത്തിനുമേൽ ആക്ഷേപം ഉന്നയിക്കുന്നവരുടെ അല്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെമേൽ ആക്ഷേപം ഉന്നയിക്കുന്ന വരുടെ ജനതയിലെ ഉലമാ അദ്ദേഹത്തെ നിഷേധിച്ചവരാണ്. അഹ്മദികൾക്കെതിരെ കുഫ്ർ ഫത്വ നല്കിയവരാണ്. ഇതിൽ അറബികളും പെടുന്നു. മറ്റുള്ള ജനതകളും പെടുന്നു. എല്ലായിടത്തും എക്കാലത്തും എല്ലാ ജനതയിലും നബി വന്നപ്പോഴെല്ലാം അവരെ ഇക്കൂട്ടർ നിഷേധിച്ചുവെന്നത് ഇതിന് മതിയായ തെളിവാണ്. അവിടന്ന് പറഞ്ഞു:'അതുകൊണ്ട് നമുക്ക് നമ്മുടെ എതിരാളികളിൽനിന്ന് എന്തൊന്നാണോ കേൾക്കേണ്ടിവരുന്നത് അത് ഇതേ സുന്നത്തനുസരിച്ചാണ്. എന്നല്ല നബിമാരോടു അല്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള എതിർപ്പ് അദ്ദേഹം സത്യവാനാണെന്നുള്ളതിന് തെളിവാണ്. കാരണം അല്ലാഹുവിന്റേയും നബിമാരുടേയും സുന്നത്താണ്, ഇങ്ങനെ തന്നെ സംഭവിക്കുക എന്നത്. അവിടന്ന് പറഞ്ഞു: *'മാ യഅ്ത്തീഹിം മിൻ റസൂലിൻ ഇല്ലാ കാനൂ ബി ഹീ യസ്ത്തഹ്സിഊൻ*(36:31) അഹോ കഷ്ടം! പരിഹസിക്കപ്പെടാതെ ഒരു റസൂലും അവരുടെയടുക്കൽ വരുന്നില്ല. അവർ നബിമാരെ പരിഹസിച്ചിരുന്നു. അവിടന്ന് പറയുന്നു:'അഹോ കഷ്ടം! ശുദ്ധമായ ഉദ്ദേശ്യത്തോടെ എന്റെ അടുത്ത് വന്നിരുന്നെങ്കിൽ(എതിരാളികളെ സംബോധന ചെയ്ത് പറയുന്നു,ശുദ്ധമായ ഉദ്ദേശ്യത്തോടെ എന്റെ അടുത്ത് വന്നിരുന്നെങ്കിൽ) എനിക്ക് അല്ലാഹു നല്കിയ അല്ലാഹുവിനെ ഞാൻ അവർക്ക് കാണിച്ചു കൊടുക്കുമായിരുന്നു. ആ അല്ലാഹു അവരുടെമേൽ സ്വയം കൃപചൊരിയുകയും അവർക്ക് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുമായിരുന്നു. എന്നാൽ, അവർ പിശുക്കോടും അസൂയയോടുംകൂടി പണിയെടുത്തു. ഇനി ഞാൻ അവർക്ക് എങ്ങനെയാണ് മസ്സിലാക്കിക്കൊടുക്കേണ്ടത്?" പക്ഷേ, നമ്മൾ വന്ന സ്ഥിതിക്ക്, നമ്മൾ വിശ്വസിച്ച സ്ഥിതിക്ക് ആ അല്ലാഹുവുമായി സ്വന്തം ബന്ധം സ്ഥാപിക്കുക എന്നത് വിശ്വസിക്കുന്നവരായ നമ്മുടെ ജോലിയാണ്. ഭൗതികതയിൽ പതിയരുത്. ഈ ലോകം താൽക്കാലികമാണ്. അതുകൊണ്ട്

പരലോകത്തെ കുറിച്ചും നമ്മൾ ചിന്തിക്കേണ്ടതാണ്. അവിടന്ന് പറഞ്ഞു:'മനുഷ്യൻ സത്യഹൃദയത്തോടെ സത്യാന്വേഷണത്തിനായി വരുമ്പോൾ എല്ലാ വിധി കളും നടന്നുപോകുന്നു. പക്ഷേ, ചീത്തപറയുകയും ദ്രോഹിക്കുകയുമാണ് ഉദ്ദേശ്യമെങ്കിൽ ഒന്നും നടക്കു കയില്ല.' പറഞ്ഞു:'മസീഹ് മൗഊദ് വരുമ്പോൾ അദ്ദേ ഹത്തെ കറ്റുകെട്ടുകാരനെന്നും അജ്ഞനെന്നും പ റയുമെന്ന് ഹുജജുൽ കിറാമയിൽ ഇബ്നു അറബി യെ ഉദ്ധരിച്ച് എഴുതിയിരിക്കുന്നു. അദ്ദേഹം ദീനിനെ മാറ്റിമറിക്കുന്നവനാണെന്ന് പറയുമെന്നും പറയപ്പെട്ടി രിക്കുന്നു. ഇപ്പോൾ അങ്ങനെതന്നെയാണ് നടന്നുകൊ ണ്ടിരിക്കുന്നത്. ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ എനി ക്കെതിരെ ഉന്നയിക്കുന്നു. തന്റെ ഇജ്തിഹാദിന്റെ ഗ്ര ന്ഥം(ഗവേഷണത്തിന്റെ)അടച്ചുവെക്കുമ്പോഴാണ് മനു ഷ്യന് സംശയങ്ങളിൽനിന്ന് മോക്ഷം പ്രാപിക്കാൻ കഴി യുന്നത്." സ്വയം ന്യായീകരണങ്ങൾ സമർപിക്കാതെ അത് ഒരു ഭാഗത്ത് വെക്കുക. പറഞ്ഞു:'ഇതിനു പകരം ഇത് സത്യമാണോ അല്ലെ എന്ന് ചിന്തിക്കേണ്ടതാണ്. ഇതു നോക്കുകയും ഇക്കാര്യം ചിന്തിക്കുകയും ചെയ്യു ക. ഇതു സത്യമാണോ എന്നറിയാൻ അല്ലാഹുവിനോ ടു ദുആ ഇരക്കുക.' അവിടന്ന് പറയുന്നു: 'ചിലകാര്യ ങ്ങൾ ഗ്രഹ്യത്തിന്നതീതമായിരിക്കും എന്നതിൽ സംശ യമില്ല. പക്ഷേ, പ്രവാചകന്മാരിൽ വിശ്വസിക്കുന്നവർ സദുദ്ദേശ്യത്തോടും ക്ഷമയോടും സ്ഥൈര്യത്തോടും കൂടി ഒരു കാലംവരെ കാത്തിരിക്കുമ്പോൾ അല്ലാഹു അവർക്ക് യാഥാർഥ്യം തുറന്നുകൊടുക്കുന്നു.'

പറഞ്ഞു: 'നബി(സ)തിരുമേനിയുടെ കാലത്ത് സ്വ ഹാബാക്കൾ ചോദ്യങ്ങൾ ചോദിക്കാറില്ലായിരു ന്നു. മറിച്ച് ആരെങ്കിലും വന്ന് ചോദ്യം ചോദിക്കാ ൻ കാത്തിരിക്കുകയാണ് ചെയ്തത്. അതിൽനിന്ന് അവർ ഫലമെടുത്തു. ഇല്ലെങ്കിൽ തലകുനിച്ച് നിശ ബ്ദരായിരിക്കുമായിരുന്നു. ചോദിക്കാൻ തന്റേടം കാണിച്ചിരുന്നില്ല.' പറഞ്ഞു, 'എന്റെ അഭിപ്രായത്തിൽ ഉൽകൃഷ്ടമായൊരു അനുസരണ മാർഗം ഇതുത ന്നെയാണ്. അതായത് മര്യാദപാലിക്കുക. നബി യോടുള്ള മര്യാദ മനസ്സിലാക്കാത്തവനും അതു സ്വീകരിക്കാത്തവനും നശിച്ചുപോകുമോ എന്ന ആശ ങ്കയുണ്ട്.'(മൽഫൂദാത്ത് വാള്യം 3 പേജ് 73-75 1985 ലണ്ടൻ പതിപ്പ്)

തെറ്റുധാരണകൾക്ക് വശംവദരാകരുതെന്നും അനാ വശ്യമായി ചോദ്യങ്ങൾ ചോദിക്കരുതെന്നും തന്റെ സ്വന്തം ആളുകളേയും അവിടന്ന് ഉപദേശിച്ചു.

ഒന്നാമത്തെ കാര്യം നമുക്ക് ഒരു അപകർഷതാ ബോധത്തിനും ഇരയാകേണ്ട ആവശ്യമില്ലന്നതാണ്. ഞാൻ മുമ്പേയും പറഞ്ഞതുപോലെ ചില കാര്യങ്ങ ളിൽ കഴിഞ്ഞുകടന്ന മഹാത്മാക്കളുടേയും വൊലി മാരുടേയും അഭിപ്രായങ്ങളുണ്ടെങ്കിൽ അത് ഈ നീ തിമാനായ വിധികർത്താവിന്റെ മുമ്പിൽ ഒരു വിലയും ഉൾക്കൊള്ളുന്നില്ല. ആ മഹാത്മാക്കൾ തങ്ങളുടെ കാലത്ത് ഇസ്‌ലാമിനുവേണ്ടി പ്രവർത്തിച്ചു. വളരെ അധികം പ്രവർത്തിച്ചു. ആ പഴയകാല മഹാത്മാക്കൾ തങ്ങളുടേതായ വൃത്തങ്ങളിൽ ഉമ്മത്തിനെ കാത്തുസൂ ക്ഷിക്കാൻ ശ്രമിച്ചു. എന്നാൽ, ഇപ്പോൾ ഖാത്തുൽഖു ലഫായും (ഖലീഫമാരിൽ അതിശ്രേഷ്ഠനും)ഖാത്ത മുൽ ഔലിയായും(വൊലിമാരിൽ അതിശ്രേഷ്ഠനും) മുജദ്ദിദ് ആഖിറുസ്സമാനും(അവസാനകാലത്തെ മുജ ദ്ദിദും) നീതിമാനായ വിധികർത്താവും വന്നിരിക്കുന്ന സ്ഥിതിക്ക് ആ മഹാത്മാവിന്റെ തീരുമാനങ്ങളും ഇസ്‌ലാമിനെക്കുറിച്ച് അദ്ദേഹം പറഞ്ഞിട്ടുള്ള അറിവു കളും തന്നെയാണ് സത്യം. മറ്റുള്ളതെല്ലാം തെറ്റാണ്. നമ്മൾ ബയ്അത്തു ചെയ്തതിനുശേഷം അതനുസ രിച്ച് പ്രവർത്തിക്കേണ്ടതാണ്. ഇത് നമ്മൾ ഓർക്കേണ്ട താണ്. ഇതുതന്നെയാണ് യഥാർഥ ഇസ്‌ലാം. അതിനെ ഇപ്പോൾ ലോകം ഇഷ്ടപ്പെടുന്നു. ഞാൻ പറഞ്ഞതു പോലെ ജനങ്ങൾ എന്തുകൊണ്ടാണ് നമ്മെ ഇഷ്ടപ്പെ ടുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പഠിപ്പിച്ച ഇസ് ലാം നമ്മൾ സമർപിക്കുന്നതുകൊണ്ടാണ്. അതിന്റെ ചില ഉദാഹരണങ്ങൾ ഞാൻ പറഞ്ഞു. ധാരാളം ഉദാ ഹരണങ്ങൾ വേറേയുമുണ്ട്.

ഞാൻ പറഞ്ഞതുപോലെ ഓർമ വെക്കേണ്ട രണ്ടാ മത്തെ കാര്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)വിട്ടുംവ ച്ചുപോയിട്ടുള്ള സാഹിത്യങ്ങളും ഗ്രന്ഥങ്ങളും വായി ക്കുകയും അതിൽനിന്ന് അറിവ് കരസ്ഥമാക്കുകയും ചെയ്യുന്നതുതന്നെ യാണ് യഥാർഥ ഇസ്‌ലാമിനെക്കു റിച്ച് നമുക്ക് പറഞ്ഞു തരുന്നത്. അതു സ്വയം പാരാ യണം ചെയ്യുന്നതിനോടൊപ്പം മറ്റുള്ളവർക്കും കൊടു ക്കുക. സൽപ്രകൃതക്കാർക്ക് ആ സാഹിത്യങ്ങൾ ന ല്കേണ്ടത് നിർബന്ധമാണ്. നിത്യേനയുള്ള പ്രശ്ന ങ്ങളിലും കാര്യങ്ങളിലും അതിലെ ഉദ്ധരണികളാണ് നമ്മൾ നല്കേണ്ടത്. ഇത് നിർബന്ധമാണ്.

അതിനാൽ എല്ലാ അഹ്മദികളും അവിടത്തെ ഗ്രന്ഥ ങ്ങളിൽനിന്ന് ഏറ്റവും കൂടുതൽ സ്വയം ഫലമെടുക്കു ന്നതോടൊപ്പം അത് മുമ്പോട്ടു പ്രചരിപ്പിക്കുകയും വേണ്ടതാണ്. ലോകമെന്തു പറയുമെന്ന് നമ്മൾ ഗൗനി ക്കേണ്ടതില്ല. ഗൗനിക്കാതിരിക്കേണ്ടതുമാണ്. അമു സ്‌ലിം ലോകത്ത് അല്ലെങ്കിൽ ലൗകികരുടെ ലോകത്ത് നമ്മെ സംബന്ധിച്ച് എന്ത് അഭിപ്രാ യങ്ങളാണുള്ളത്. പ്രവാചകന്മാരും അല്ലാഹുവിന്റെ ദൂതന്മാരും വരുന്നതു തന്നെ ലോകത്ത് ലൗകികത അധികമാകുമ്പോഴാണ്. ദീനിൽ ഛിദ്രത ഉണ്ടാകാൻ തുടങ്ങുമ്പോഴാണ്. ഭൂരിഭാ ഗവും ലൗകികതയിൽ ലയിച്ച് ദീൻ മറന്നുപോകുമ്പോ ഴാണ്. വരുന്ന ആളുടെ ജോലി അവരെ നേരായ പ ാതയിലൂടെ നടത്തുക എന്നതാണ്. അതിനാൽ നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ട് ലോകത്തിന്റെ പരിഷ്കരണത്തിന്റെ ചങ്ങാടം വഹിച്ചി രിക്കുകയാണ്. അതുകൊണ്ട് എതിർപ്പുണ്ടാകും. ലൗകി കരായവർ തങ്ങളുടെ ലൗകികമായ നേട്ടങ്ങൾക്കും ആനന്ദാനുഭൂതികൾക്കുംവേണ്ടി നിയമങ്ങളുണ്ടാക്കു ന്നു. ആ നിയമം ദൈവകല്പനകൾക്കു വിരുദ്ധമാണെ ങ്കിൽ നമ്മൾ നിയമത്തിന്റെ വൃത്തത്തിനുള്ളിൽ താമ സിച്ചുകൊണ്ട് ദുൻയാവിനെ പരിഷ്കരിക്കേണ്ടതാണ്. അവർക്ക് ശരിയായ വഴി കാണിക്കേണ്ടതാണ്. ഇതിൽ ഒരു തരത്തിലുള്ള അപകർഷതാബോധത്തിനോ ഭയത്തിനോ ആവശ്യമില്ല. ഈ ജോലി യുക്തിപൂർവം ചെയ്യേണ്ടതാണ്.

അതിനാൽ നമ്മൾ ഭയപ്പെടേണ്ട കാര്യമില്ല. ദീൻ തെറ്റെന്ന് പറഞ്ഞിട്ടുള്ളതിനെ നമ്മളും തെറ്റെന്ന് പ റയേണ്ടതാണ്. ഇക്കാര്യം എല്ലാ അഹ്മദികളും ഹൃദി സ്തമാക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ കാലത്തെ ജനങ്ങളോടു നബിയുടെ ഉദാഹ രണം നല്കിക്കൊണ്ടു പറഞ്ഞിരുന്നത് കൂടുതൽ ചോദ്യം ചോദിക്കരുതെന്നാണ്. കാരണം അതിൽനി ന്ന് സമ്പൂർണമായ അനുസരണം പ്രകടമാകുക യില്ല. അതുകൊണ്ട് പറഞ്ഞു, മറ്റുള്ളവർ വന്ന് ചോദ്യം ചോദിക്കുമ്പോൾ വിശ്വാസികളായവർക്കും തൃപ്തിയാകുന്നു. 'നബിയുടെ മുഖലക്ഷണവിദ്യ എങ്ങനെയുള്ളതാണെന്നാൽ വരുന്നവരുടെ ചോദ്യ ങ്ങൾക്കുള്ള ഉത്തരം അവരുടെ മനസ്സുകൾ ഉൾ ക്കൊണ്ടുകൊണ്ട് നല്കുന്നു.' വരുന്ന ചിലർ ഹദ്റ ത്ത് മസീഹ് മൗഊദ്(അ)ന്റെ അങ്ങേയറ്റം നിസാര ദാസനായ എന്നോടു പറയാറുണ്ട് തങ്ങളുടെ മനസ്സി ലുണ്ടായിരുന്ന ചോദ്യങ്ങൾക്കെല്ലാം ആ പ്രസംഗം മറുപടി നല്കിയെന്ന്. നബിയുടെ മുഖലക്ഷണവിദ്യ വളരെ അധികമാണ്.

അതുകൊണ്ട് അതിസൂക്ഷ്മമായ കാര്യങ്ങളിൽ പോ യി മറുപടി ആഗ്രഹിക്കുന്നവർക്ക് മറുപടി ന ല്കുന്നു. അതിനാൽ മറുപടി ഒന്നുമില്ലെന്ന് മനസ്സിലാക്കരുത്. മറുപടിയുണ്ട്. പക്ഷേ, വിശ്വസിക്കുന്നവർക്ക് അനുസ രണത്തിന്റെ നിലവാരം ഉയർത്തുക എന്ന് ജോലിയുമു ണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പൂർണമായും അനുസരിച്ച ആളായിരുന്നു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ). അദ്ദേഹത്തെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയും ചെയ്തിട്ടുണ്ട്. (ആ യിനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീ ഖസായിൻ വാള്യം 5 പേജ് 586)

അവിടന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മജ്‌ലി സിൽ ഇരിക്കുകയായിരുന്നു. ഇതുതന്നെയാണ് രിവായ ത്തിൽ കൂടുതൽ വന്നിട്ടുള്ളതും. തലകുനിച്ചായിരുന്നു ഇരിക്കാറുണ്ടായിരുന്നത്. നേരിട്ടൊരിക്കലും സംസാരി ച്ചിരുന്നില്ല. ചോദ്യവും ചോദിച്ചിരുന്നില്ല.'(അൽഹക്വ് 1957 മാർച്ച് 27 പേജ് 5 വാള്യം 11/46 നമ്പർ 74)

ചോദ്യം ചോദിക്കുന്നവർ വന്നിരിക്കുമ്പോൾ അവരെ അവിടന്ന് പ്രയോജനപ്പെടുത്തിയിരുന്നു. കാ ര്യങ്ങൾ നോട്ടു ചെയ്യാറുണ്ടായിരുന്നു. അല്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)മജ്‌ലിസിൽ പറയുന്നു നിർദേശങ്ങൾ ഗൗരവത്തോടെ കേൾക്കുമായിരുന്നു. അത് പ്രയോജനപ്പെടുത്തുമായിരുന്നു.

ഇത് ഓർക്കുക! മുമ്പേയും ഞാൻ പറഞ്ഞതാണ്. ദീനുൽ ഇസ്‌ലാമിൽ ചില ചോദ്യങ്ങൾക്ക് മറുപടി ഇല്ല എന്നതല്ല. മറിച്ച് എല്ലാത്തിനും മറുപടിയുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ഗ്രന്ഥങ്ങളിലും നിർദേ ശങ്ങളിലും എല്ലാ തരത്തിലുള്ള ചോദ്യങ്ങൾക്കും മറുപടി നല്കിയിട്ടുണ്ട്. അതുകൊണ്ടാണ് അത് വായി ക്കേണ്ടതാണെന്ന് ഞാൻ പറഞ്ഞത്. ഇസ്‌ലാമിന്റെ ശ്രേഷ്ഠത സ്ഥാപിക്കേണ്ടുന്നതിന് ഇതു പാരായണം ചെയ്യേണ്ടത് വളരെ ആവശ്യമാണ്. കർമശാസ്ത്രപര മായ കാര്യങ്ങളുണ്ട്. നി ത്യേനയുള്ള കാര്യവുമായി ബ ന്ധം വെക്കുന്ന കാര്യങ്ങളുണ്ട്. അല്ലെങ്കിൽ വൈജ്ഞാ നികമായ കാര്യങ്ങളുണ്ട്. ഈ എല്ലാ കാര്യങ്ങളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിൽനി ന്ന് നമുക്ക് ലഭിക്കുന്നുണ്ട്. ഖലീഫമാർ അതു കൂടു തൽ വിശദീകരിച്ച് പറഞ്ഞ് തരികയും ചെയ്തിട്ടുണ്ട്. അതിനാൽ ഈ ഭാഗത്ത് കൂടുതൽ ശ്രദ്ധിക്കേണ്ട ആവ ശ്യമുണ്ട്. അതു വായിക്കുക, ചിന്തിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅ ത്തിലുള്ളവർ എങ്ങനെ ആയിരിക്കണമെന്നും അ വ രുടെ ഈമാനിന്റെ അവസ്ഥ എന്തായിരിക്കണമെന്നും ആവർത്തിച്ചാവർത്തിച്ച് ഉപദേശിച്ചു. നമ്മളിൽ എല്ലാ വരും ബയ്അത്തു ചെയ്തതിന്റെ കടമ നിറവേറ്റുന്നവ രാകാൻ ഇതിനെക്കറിച്ചും ഞാൻ ആ മഹാത്മാവിന്റെ ഒരു ഉദ്ധരണി സമർപിക്കുകയാണ്. അവിടന്ന് തന്റെ ജമാഅത്തിന് അനിവാര്യമായൊരു വലിയ ഉപദേശം നല്കിക്കൊണ്ടു പറയുന്നു:

'ഈയിടെയായി കാലം വളരെ മോശമായിക്കൊണ്ടി രിക്കുകയാണ്. പലതരത്തിലുള്ള ശിർക്കുകളും ബിദ് അത്തുകളും ദോഷങ്ങളും ഉണ്ടായിരിക്കുന്നു. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് ബയ്അത്തിന്റെ നേരത്ത് പ്രതിജ്ഞ ചെയ്യുന്നു. ഈ പ്രതിജ്ഞ അല്ലാ ഹുവിന്റെ മുമ്പിലുള്ള പ്രതിജ്ഞയാണ്. മരണംവരെ അതിൽ നല്ലവണ്ണം നിലനില്ക്കേണ്ടതാണ്. ഇല്ലെങ്കിൽ ബയ്അത്ത് ചെയ്തിട്ടില്ലെന്ന് കരുതിക്കൊള്ളുക. നി ലനില്ക്കുകയാണെങ്കിൽ അല്ലാഹു ആത്മീയമായും ഭൗതികമായും അനുഗ്രഹിക്കുന്നതാണ്."പറയുന്നു: 'നിങ്ങളുടെ അല്ലാഹുവിന്റെ ഇച്ഛയ്ക്കനുസരിച്ച് പൂ ർണമായും തക്വ്‌വ അഥവാ ഭക്തി സ്വായത്തമാക്കുക. കാലം ഗുരുതരാവസ്ഥയിലാണ്. ദൈവകോപം വെളി പ്പെട്ടുകൊണ്ടിരിക്കുന്നു.അല്ലാഹുവിന്റെ ഇച്ഛയ്ക്കനുഗു ണമായി, തന്നെ ആക്കുന്നവൻ തന്റെ ജീവനിലും തന്റെ കുടുംബാദികളിലും തന്റെ സന്താനങ്ങളിലും കരു ണചെയ്യും.' ഈയിടെയായി ലോകാവസ്ഥ ഛിദ്രമാ യിക്കൊണ്ടിരിക്കുകയാണ്. അതിൽ ചിന്തിച്ചുകൊണ്ട് എല്ലാവരും അല്ലാഹുവിലേക്ക് വളരെയധികം മടങ്ങേ ണ്ടതാണ്.പറഞ്ഞു:' നോക്കൂ മനുഷ്യൻ റൊട്ടി തിന്നു ന്നു. ആവശ്യത്തിനനുസരിച്ച് തിന്നില്ലെങ്കിൽ അവന്റെ വിശപ്പ് അകലുകയില്ല. അവൻ ഒരു കഷണം റൊട്ടിയാ ണ് തിന്നുന്നതെങ്കിൽ അവന് വിശപ്പിൽനിന്ന് മുക്തി ലഭിക്കുമോ? ഒരിക്കലുമില്ല. അവൻ ഒരു തുള്ളിവെള്ളം തന്റെ തൊണ്ടക്കുഴിയിലിട്ടാൽ അവനെ അത് രക്ഷിക്കു കയില്ല. ഒരു തുള്ളി വെള്ളമുണ്ടായിരുന്നിട്ടും അവൻ മരിക്കും. പറഞ്ഞു: ജീവിച്ചിരിക്കുന്നതിന് നിശ്ചിത അളവിൽ ഭക്ഷണം കഴിക്കേണ്ടത് നിർബന്ധമാണ്. പ റഞ്ഞു, ഇതേ അവസ്ഥതന്നെയാണ് മനുഷ്യന്റെ മതപ രമായി കാര്യത്തിന്റേതും. അവന്റെ മതപരമായ കാര്യം വയറുനിറയുന്നതുവരെ ആകുന്നില്ലെങ്കിൽ രക്ഷപ്പെ ടുകയില്ല. മതനിഷ്ഠയും ഭക്തിയും ദൈവകല്പനയെ അനുസരിക്കലും റൊട്ടിയും വെള്ളവും ആവശ്യത്തി നനുസരിച്ച് കഴിക്കുന്നതുപോലെ കഴിക്കേണ്ടതാണ്, കുടിക്കേണ്ടതാണ്. അതുമുഖേന വിശപ്പും ദാഹവും അകന്നു പോകുന്നു.

പറഞ്ഞു:'അല്ലാഹുവിന്റെ ചില കാര്യങ്ങളിൽ വിശ്വ സിക്കാതിരിക്കൽ അവന്റെ എല്ലാ കാര്യങ്ങളേയും ഉപേ ക്ഷിക്കുകയാണെന്ന് നല്ലവണ്ണം ഓർത്തുകൊള്ളുക. ഒരു ഭാഗം ശയ്ത്വാന്റേതും ഒരു ഭാഗം അല്ലാഹുവിന്റേതുമാ ണെങ്കിൽ അല്ലാഹു പങ്കാളിത്തം ഇഷ്ടപ്പെടുന്നില്ല.' പ റഞ്ഞു: അല്ലാഹുവിലേക്ക് വരിക എന്നത് വളരെ പ്രയാ സമുള്ളതും, ഒരു തരത്തിലുള്ള മരണവുമാണെങ്കിലും അവസാനം ജീവിതവും അവനിൽത്തന്നെയാണുള്ള ത്. ആരാണോ തന്റെ ഉള്ളിൽനിന്ന് ശയ്ത്വാന്റെ ഭാഗ മെടുത്ത് പുറത്തെറിയുന്നത് അവൻ അനുഗൃഹീതനാ യ മനുഷ്യനാണ്. അവന്റെ വീട്ടിലും ആത്മാവിലും നഗരത്തിലും എല്ലായിടത്തും അവന്റെ അനുഗ്രഹം എത്തുന്നു. പക്ഷേ, അവന്റെ ഓഹരിയിൽ അല്പം വന്നുപോയാൽ ആ അനുഗ്രഹം ഉണ്ടാകുകയില്ല. ബയ് അത്ത് ചെയ്തപ്പോൾ ചെയ്ത പ്രതിജ്ഞ കർമപരമാ യിട്ടില്ലെങ്കിൽ ഒരുപ്രയോജനവുമില്ല. ഒരു മനുഷ്യന്റെ മുമ്പിൽ നിങ്ങൾ ഒരുപാടു കാര്യങ്ങൾ നാവുകൊണ്ടു പറയുകയും എന്നാൽ, കർമപരമായി ഒന്നും ചെയ്യാ തിരിക്കുകയുമാണെങ്കിൽ അവൻ സന്തോഷിക്കാത്ത തുപോലെയാണ് അല്ലാഹുവിന്റെ കാര്യവും. അവൻ എല്ലാ ആത്മാഭിമാനിയെക്കാളും കൂടുതൽ ആത്മാ ഭിമാനിയാണ്.' ഒന്ന് നിങ്ങൾ അദ്ദേഹത്തെ അനുസ രിക്കുക. അതിനോടൊപ്പം അദ്ദേഹത്തന്റെ ശത്രുക്ക ളേയും അനുസരിക്കുക. ഇതെങ്ങനെയാണ് നടക്കുക. ഇതിന്റെ പേര് കാപട്യം എന്നാണ്. മനുഷ്യന് വേണ്ടത്

ആ ഘട്ടത്തിൽ സയ്ദിനേയും ബക്കറിനേയും വകവെക്കാതിരിക്കുക എന്നതാണ്. മരണംവരെ അതിൽ നിലകൊള്ളുക.

പറഞ്ഞു: 'തിന്മ രണ്ടുതരമുണ്ട്. ഒന്നു അല്ലാഹുവിനോടു പങ്കു ചേർക്കൽ. അവന്റെ മഹത്ത്വം അറിയാതിരിക്കൽ. അവനെ ആരാധിക്കുന്നതിലും അനുസരിക്കുന്നതിലും മടികാണിക്കൽ. രണ്ടാമത്തേത് അവന്റെ ദാസരുടെമേൽ അനുകമ്പ കാണിക്കാതിരിക്കുകയും അവരോടുള്ള കടമകൾ നിറവേറ്റാതിരിക്കുകയും ചെയ്യുക. ഈ രണ്ടുതരത്തിലുള്ള ദോഷങ്ങളും ചെയ്യാതിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുസരണത്തിൽ നിലകൊള്ളുക. ബയ്അത്തിൽ ചെയ്തിട്ടുള്ള പ്രതിജ്ഞയിൽ ഉറച്ചു നില്ക്കുക. അല്ലാഹുവിന്റെ ദാസരെ ബുദ്ധിമുട്ടിക്കാതിരിക്കുക. വിശുദ്ധ ഖുർആൻ വളരെ ചിന്തിച്ചു പാരായണം ചെയ്യുക. അതനുസരിച്ച് പ്രവർത്തിക്കുക. എല്ലാ തരത്തിലുള്ള പരിഹാസങ്ങളിൽനിന്നും വ്യർഥമായ കാര്യങ്ങളിൽനിന്നും ബഹുദൈവാരാധനാപരമായ മജ്‌ലിസുകളിൽനിന്നും രക്ഷപ്പെടുക. അഞ്ചുനേരവും നമസ്കാരത്തെ നിലനിറുത്തുക. ചുരുക്കത്തിൽ നിങ്ങൾ ഒഴിവാക്കുന്നതായ ഒരു ദൈവകല്പനയും ഉണ്ടാകരുത്. ശരീരത്തെ ശുദ്ധമായി വെക്കുക. മനസ്സിനെ എല്ലാതരം പക, വിദ്വേഷം, അസൂയ തുടങ്ങിയവയിൽനിന്ന് പരിശുദ്ധമാക്കുക. ഇക്കാര്യങ്ങളാണ് നിങ്ങളിൽനിന്ന് ആഗ്രഹിക്കുന്നത്.'(മൽഫൂദാത്ത് വാള്യം5 പേജ് 75-76 1985 പതിപ്പ്).

ഓരോരുത്തരും വ്യർഥവും ബഹുദൈവാരാധനാപരവുമായ മജ്‌ലിസുകളിൽനിന്ന് എത്രത്തോളം തങ്ങളെ രക്ഷപ്പെടുത്തിയെന്ന് ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്. തങ്ങൾ ഏകദൈവത്തിൽ വിശ്വസിക്കുന്നുവെന്നും ബഹുദൈവാരാധകരുടെ മജ്‌ലിസിൽ ഇരിക്കാറില്ലെന്നും പറയുന്ന ധാരാളമാളുകളുണ്ട്. പക്ഷേ, ഓർക്കുക! ഏതു മജ്‌ലിസാണെങ്കിലും, ഇന്റർനെറ്റുണ്ട്. അല്ലെങ്കിൽ ടി.വി ഉണ്ട്. അല്ലെങ്കിൽ നമസ്കാരങ്ങളിൽനിന്ന് അശ്രദ്ധരാക്കിക്കൊണ്ടിരിക്കുന്ന മറ്റെന്തെങ്കിലും ജോലികളോ മജ്‌ലിസുകളോ ഉണ്ട്. ഇതെല്ലാം ബഹുദൈവാരാധനാപരമായ മജ്‌ലിസുകൾ തന്നെയാണ്.

അതിനാൽ ആഴത്തിൽ നമുക്ക് ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അഞ്ചുനേരം നമസ്കാരം നിലനിറുത്താൻ പ്രത്യേകം പറഞ്ഞു. നമസ്കാരം നിലനിറുത്തുക എന്നത് ജമാഅത്തായിട്ടുള്ള നമസ്കാരമാണ്. പതിവായും സമയത്തും നമസ്കരിക്കലാണ്. ഞാൻ വിലയിരുത്തിയപ്പോൾ ഇവിടേയും ഒരുപാട് ബലഹീനതകൾ എനിക്കിതിൽ കാണാൻ കഴിഞ്ഞു. എന്നോടു ദുആ ചെയ്യാൻ ആളുകൾ പറയാറുണ്ട്. താങ്കൾ ദുആ ചെയ്യുന്നുണ്ടോ? നമസ്കരിക്കാറുണ്ടോ? കൃത്യമായി നമസ്കരിക്കാറുണ്ടോ?എന്ന് ചോദിക്കുമ്പോൾ നെഗറ്റീവായിട്ടാരിക്കും അയാളുടെ മറുപടി. പറയുന്നു, ശ്രമിക്കുന്നുണ്ടെന്ന്! ദുആയ്ക്ക് പറയുന്നവരുടെ ഉള്ളിൽ തങ്ങളുടെ ബുദ്ധിമുട്ട് അകറ്റുന്നതിനുവേണ്ടി വേദനയില്ലെങ്കിൽ മറ്റുള്ളവർക്ക് അവനുവേണ്ടി ദുആ ചെയ്യാൻ ആ വേദന എങ്ങനെയുണ്ടാകാനാണ്? അതേ! സ്വയം തന്റെ ദുആയോടുള്ള കടമ നിറവേറ്റുകയാണെങ്കിൽ പിന്നീട് മറ്റുള്ളവരുടെ ദുആ സഹായിക്കുന്നതായിരിക്കും. ഇതുതന്നെയാണ് നബി(സ)തിരുമേനി പറഞ്ഞതും.(സ്വഹീഹ് മുസ്‌ലിം കിതാബുസ്സ്വലാത്ത് ഹദീഥ് 1094)

ഇപ്രകാരംതന്നെ സാമൂഹിക തിന്മകളുണ്ട്. ഇതിനുമുമ്പേയും ഞാൻ ഹ്രസ്വമായി അത് പറഞ്ഞതാണ്. പരസ്പരമുള്ള സ്നേഹത്തിന്റേയും അനുരക്തിയുടേയും നിലവാരം എത്രയാണോ ഉണ്ടാകേണ്ടത് ചിലയാളുകളിൽ അത്ര കാണുന്നില്ല. എന്നല്ല വിദ്വേഷവും അസൂയയും പകയും കാണുകയും ചെയ്യുന്നു. അതുകൊണ്ട് എല്ലാവരും തങ്ങളുടെ കോളറുകളിലേക്ക് എത്തിനോക്കേണ്ട ആവശ്യമുണ്ട്. മറ്റുള്ളവർ എങ്ങനെയാണെന്ന് നോക്കാതിരിക്കുക. സ്വന്തം പരിഷ്കരണം നടത്തുക. സ്വയം തന്നിലേക്ക് നോക്കുക. സ്വന്തം പരിഷ്കരണം നടത്തുകയാണെങ്കിൽ മറ്റു തിന്മകളും അകന്നു പോകുന്നതാണ്. താൻ എല്ലാവിധത്തിലും പരിശുദ്ധനാണെന്ന് ആർക്കും വാദിക്കാൻ സാധിക്കുകയില്ല. അതിനാൽ സ്വന്തം വീഴ്ചകൾക്കും തെറ്റുകൾക്കും വേണ്ടി എപ്പോഴും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹു നമുക്കെല്ലാവർക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ യഥാർഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നതിന്റെ കടമ നിർവഹിക്കുന്നവരാകട്ടെ.

---

പേജ് 8ൽ നിന്ന്

ഹൈക്കമ്മീഷണർ ജമേക്ക ജൻസ് മേലർ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: സ്വാതന്ത്ര്യത്തോടുകൂടി ജീവിക്കാൻ എല്ലാവർക്കും അവകാശമുണ്ടെന്ന് ഖലീഫ പറഞ്ഞ കാര്യത്തിൽ ശാന്തിയുടേയും സഹിഷ്ണുതയുടേയും സ്വാതന്ത്ര്യത്തിന്റേയും സന്ദേശമുണ്ട്. ഇത് ഇക്കാലത്ത് അങ്ങേയറ്റം ആവശ്യമാണ്.

ജർമൻ അമ്പാസിഡർ വെർണ റോയന്റ് പറഞ്ഞു: ഏതൊരു വാക്കുകളിലാണോ ഹുദൂർ ഭാവിയുടെ ചിത്രം കോറിയിട്ടത് നമ്മളെല്ലാവരും അത്തരത്തിലുള്ള സമാധാനം നിറഞ്ഞ ഭാവി ആഗ്രഹിക്കുന്നവരാണ്. ഇസ്‌ലാം സമാധാനനിർഭരമായ മതമാണെന്ന് ഈ പ്രസംഗംകൊണ്ട് നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. നമുക്കെല്ലാവർക്കും യൂറോപ്പിൽവരുന്നവരുമായി ഒത്തുജീവിക്കാൻ കഴിയുന്നതാണ്. നമ്മളെല്ലാവരും ലോകത്തിന്റെ നന്മയ്ക്കുവേണ്ടി ശ്രമിക്കണമെന്നതായിരുന്നു ഈ പ്രസംഗത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സന്ദേശം. പൊതുജനങ്ങൾക്ക് വ്യക്തിപരമായ നിലയിൽ അവരുടേതായ ജീവിതം നയിക്കാൻ അനുവാദമുണ്ടായിരിക്കണമെന്ന കാര്യം ഉറപ്പു വരുത്തേണ്ടതാണ്.

പാർലമെന്റംഗം ക്രസ്റ്റി ഡൻഗൺ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു:ഖലീഫ സാഹിബിനോടൊപ്പം കഴിയാൻ കിട്ടിയ സമയം വളരെയേറെ സ്വാധീനമുണ്ടാക്കുന്നതും വിനയമുളവാക്കുന്നതുമായിരുന്നു. ഒരാൾ സുഹൃത്തായി കഴിഞ്ഞാൽ എന്നെന്നേക്കും അയാൾ സുഹൃത്തായിരിക്കും എന്നതാണ് എന്റെ മനസ്സിൽ പതിഞ്ഞ പ്രധാനപ്പെട്ട കാര്യം. അവിടന്ന് തന്റെ പ്രസംഗത്തിൽ ന്യായം, നീതി, സമാധാനം, യുവതലമുറ, ഐക്യരാഷ്ട്ര സഭ, എല്ലാവരും ഒത്തുചേർന്ന് മനുഷ്യകുലത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കൽ തുടങ്ങി പല വശങ്ങളും വിവരിക്കുകയുണ്ടായി. അഹ്മദിയ്യാ എന്നെ സംബന്ധിച്ചിടത്തോളം ഒരു ദയാലുവായ കുടുംബംപോലെയാണ്.'

ഗാർണെറ്റ് ജെൻസ് പറഞ്ഞു:എങ്ങനെ മതത്തിനും മതനേതാക്കൾക്കും സമൂഹത്തിൽ ശാന്തി സ്ഥാപിക്കാനും വർത്തമാനകാല പ്രശ്നങ്ങൾ പരിഹരിക്കാനും കഴിയുമെന്ന മഹത്തായ സന്ദേശമായിരുന്നു അത്. എങ്ങനെ ആയുധവാണിജ്യത്തെ നിയന്ത്രിച്ച് നമുക്ക് പരസ്പരം സമാധാനത്തോടെ ജീവിക്കാൻ കഴിയും എന്ന കാര്യവും അവിടന്ന് വ്യക്തമാക്കുകയുണ്ടായി. പൊതുവെ നമ്മൾ പരസ്പരം ആക്ഷേപങ്ങൾ ഉന്നയിച്ചു നടക്കുന്നവരാണ്. പക്ഷേ, എങ്ങനെ പാശ്ചാത്യർക്കും മറ്റു രാജ്യങ്ങൾക്കും അവരവരുടെ പങ്കുവഹിച്ചുകൊണ്ട് ലോകത്തിന്റെ അവസ്ഥ നന്നാക്കാൻ കഴിയുമെന്ന് ഹുദൂർ വളരെ വ്യക്തമായി പറഞ്ഞു.'

പാർലമെന്റംഗം രാജ് സീനി തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു:ഇസ്‌ലാം ഒരു സമാധാനകാംക്ഷിയായ മതമാണെന്ന കാര്യത്തിൽ ശക്തിചെലുത്തിക്കൊണ്ടുള്ള ഹുദൂറിന്റെ പ്രഭാഷണം വളരെ പ്രധാനപ്പെട്ടതായിരുന്നു. ഈ സമാധാന സന്ദേശത്തെ പിൻപറ്റാത്ത മുസ്‌ലിം യഥാർഥ മുസ്‌ലിമല്ല.'

മാജിദ് ജോഹരി പറഞ്ഞു:ലോകത്ത് സമാധാന സംസ്ഥാപനം എങ്ങനെ സാധ്യമാകും എന്നതായിരുന്നു പ്രസംഗത്തിന്റെ പ്രധാന ഭാഗം. ഇതൊരു വളരെ വലിയ ചാലഞ്ചാണ്. ഇതിനെ നമ്മളെല്ലാവരും ചേർന്ന് പരിഹരിക്കേണ്ടതാണ്. സാമൂഹികമായ പ്രതിസന്ധി, ഭീകര പ്രവർത്തനം തുടങ്ങി വേറെയും ഒരുപാട് വെല്ലുവിളികളുണ്ട്. ഇത് പരിഹരിക്കുന്നതിന് നമ്മളെല്ലാവരും കഠിനാധ്വാനത്തോടുകൂടി ഒത്തുചേർന്ന് പണിയെടുക്കേണ്ട ആവശ്യമുണ്ട്.'

സീനിയർ ഇമിഗ്രേഷൻ ജഡ്ജും ഈ വർഷത്തെ സർ സഫ്റുല്ലാ ഖാൻ അവർഡിനർഹയുമായ ലൂയിസ് ആർബർ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു:വളരെ വ്യക്തമായ ഭാഷയിൽ ഹുദൂർ നമ്മുടെ ബലഹീനതകളിലേക്കും കുറവുകളിലേക്കും ശ്രദ്ധ ക്ഷണിച്ചു. അതിനോടൊപ്പം പാശ്ചാത്യ സമൂഹങ്ങളുടെ പ്രശ്നങ്ങളിലും വെളിച്ചം വീശി. അതെന്താണെന്നുവച്ചാൽ ചില ഘട്ടങ്ങളിൽ അവരുടെ പ്രവർത്തനങ്ങളിൽ കപടതയുണ്ട്. ന്യൂനപക്ഷങ്ങളോടുള്ള കടമകൾ നിറവേറ്റുന്നില്ല.'

ഒട്ടാവാ പോലീസ് പ്രതിനിധി ഡ്യൂ സക്രിയ്യ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: 'ഹുദൂറിന്റെ സന്നിധിയിൽ ഇരിക്കുക എന്നത് എന്നെ സംബന്ധിച്ചിടത്തോളം ബഹുമതിയാണ്. ഹുദൂർ തന്റെ പ്രഭാഷണത്തിൽ ഭീകര പ്രവർത്തനങ്ങളേയും മറ്റു സാമൂഹികമായ പ്രശ്നങ്ങളേയും സംബന്ധിച്ച് പ്രതിപാദിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനപരമായ കാര്യങ്ങളിലേക്ക് ശ്രദ്ധ ക്ഷണിച്ചു. ഏതുരാഷ്ട്രങ്ങളാണ് ഭീകരപ്രവർത്തനങ്ങളെ സഹായിക്കുന്നതെന്നും ആയുധങ്ങൾ സംഘടിപ്പിച്ചുകൊടുക്കുന്നതെന്നും പറഞ്ഞു. ഇക്കാരണത്താലാണ് ആഭ്യന്തരയുദ്ധങ്ങളും ഭീകരപ്രവർത്തനങ്ങളും നടക്കുന്നത്.

കൊലീഷ്യൻ ഓഫ് പ്രോഗ്രസീവ് കനഡയിൻ മുസ്‌ലിംസിന്റെ പ്രസിഡന്റ് സൽമ സിദ്ദീഖി പറഞ്ഞു:'സ്ത്രീകളിൽ ഭീകരപ്രവർത്തനം വളരുന്നതാണെന്നും അവർ ഭീകരപ്രവർത്തനത്തിലേക്ക് പോകുമെന്നും ഹുദൂർ അങ്ങേയറ്റം സൂക്ഷ്മതയോടെ പറഞ്ഞത് എന്നെ വല്ലാതെ ആകർഷിച്ചു. അവരെ മാത്രമല്ല അവരുടെ മക്കളേയും അത് ബാധിക്കുന്നതാണ്. ഞാൻ ഈ കമ്മ്യൂണിറ്റിയുടെ ഭാഗമായി എന്നെ മനസ്സിലാക്കുന്നു. അതുകൊണ്ടുതന്നെയാണ് എന്റെ കാല് ഒടിഞ്ഞിട്ടും ഈ പരിപാടിയിൽ ഞാൻ പങ്കെടുത്തത്.'

ശാനെ തഷ്ഹീർ സാഹിബ് തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു:ഹുദൂർ അൻവറിന്റെ പ്രസംഗം കേട്ടു. അങ്ങേയറ്റം ബോൾഡ് വിവരണമായിരുന്നു. ഇതിനുമുമ്പേ ഒരിക്കലും ഇത്തരം വിവരണം കേട്ടിട്ടില്ല. അതിനുകാരണം ഖലീഫയുടെ കൈയിൽ ഭിക്ഷാപാത്രമില്ലെന്നതാണ്. അദ്ദേഹം പാശ്ചാത്യരുടെ യഥാർഥ അവസ്ഥ കാണിച്ചു. ഹുദൂറിന്റെ പ്രസംഗം എന്റെ മനസ്സിന്റെ ശബ്ദമായിരുന്നു.

ഒരു സിക് അതിഥി തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു:ഏതെങ്കിലും ആത്മീയവിഷയത്തിലായിരിക്കും സംസാരിക്കുന്നതെന്ന് ഞാൻ കരുതി. പക്ഷേ, ഇന്ന് ഹുദൂർ ചെയ്ത് പ്രസംഗം ചരിത്രത്തിൽ തങ്കലിപികളാൽ എഴുതപ്പെടുന്നതായിരിക്കും. ഞാൻ ഇതിനെക്കുറിച്ച് ചിന്തിച്ചപ്പോൾ അങ്ങേയറ്റം ആത്മീയപ്രഭാവമുള്ള ഒരു വ്യക്തിക്കുമാത്രമേ ഇത്രമാത്രം ശക്തമായ പ്രഭാഷണം നടത്താൻ കഴിയു എന്ന ഫലത്തിൽ എത്തിച്ചേർന്നു. അതിൽ ഞാൻ കൂടുതൽ ചിന്തിച്ചപ്പോൾ മനസ്സിലായത് തീർച്ചയായും ഒരു ആത്മീയപ്രഭാവമുള്ള വ്യക്തിക്കുമാത്രമേ ഇത്ര തന്റേടത്തോടുകൂടി ഇങ്ങനെ പ്രസംഗിക്കാൻ കഴിയുകയുള്ളു എന്നാണ്. അദ്ദേഹത്തിന്റെ ഈ ധൈര്യം സ്ഥാപിച്ചു കാണിച്ചത് അദ്ദേഹമൊരു ആത്മീയ വ്യക്തിത്വമാണെന്നാണ്. ഹുദൂർ ഒരു പാശ്ചാത്യ പാർലമെന്റിൽ പറഞ്ഞു:'ലോകത്തിന്റെ അസ്വസ്ഥതയിൽ പാശ്ചാത്യ രാഷ്ട്രങ്ങളുടേയും കൈയുണ്ട്. ഉദാഹരണത്തിന് പാശ്ചാത്യ രാഷ്ട്രങ്ങൾ വിൽക്കുന്ന ആയുധങ്ങൾ എങ്ങനെയാണ് ഭീകരവാദികളുടെ കൈയിലെത്തുന്നത്? ഭീകരപ്രവർത്തനത്തിനായി പോകുന്ന കനഡക്കാരിൽ ഇരുപതുശതമാനം സ്ത്രീകളാണെന്ന കാര്യവും അവിടന്ന് വ്യക്തമാക്കുകയുണ്ടായി. അവർ വരുംതലമുറയേയും ഇതേ വർണത്തിലാക്കിത്തീർക്കുന്നതാണ്. ഞാൻ ഇതിനെക്കുറിച്ച് ഒരിക്കലും ചിന്തിച്ചിരുന്നില്ല. വിശുദ്ധ ഖുർആൻ ഉദ്ധരിച്ചുകൊണ്ട് നമുക്ക് നമ്മുടെ പ്രതിജ്ഞ(അമാനത്തിന്റെ) നിറവേറ്റേണ്ട ആവശ്യമുണ്ടെന്ന് പറഞ്ഞതും എനിക്കു വളരെ നല്ലതായി തോന്നി. അദ്ദേഹം വളരെ മനോഹരമായ രീതിയിൽ സർക്കാറും ഒരു അമാനത്താണെന്ന് പറഞ്ഞു. ഭരണകർത്താക്കൾ തങ്ങളുടെ പ്രതിജ്ഞകൾ പൂർണമായും നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്. അദ്ദേഹം പറഞ്ഞു: മുസ്‌ലിം ഉലമാ പൊതുജനങ്ങളെ വഴിതെറ്റിച്ചിരിക്കുന്നു. ഇക്കാരണത്താൽ കലഹങ്ങൾ വർധിച്ചുകൊണ്ടിരിക്കുന്നു. ഹുദൂർ പാശ്ചാത്യ രാഷ്ട്രങ്ങളോടും ആഹ്വാനം ചെയ്തു:'ആവിഷ്കാര സ്വാതന്ത്ര്യവും അവകാശ സ്വാതന്ത്ര്യവും വാദിക്കുന്നവരാണ് അവർ. അതുകൊണ്ട് ഇപ്പോൾ അവരുടെ വാദങ്ങൾ പ്രവർത്തിച്ചു കാണിക്കുക എന്നത് അവരുടെ ഉത്തരവാദിത്വമാണ്. പർദയിൽ നിയന്ത്രണം, ആരാധനാലയങ്ങളുടെമേൽ നിയന്ത്രണം തുടങ്ങിയ മതപരമായ കാര്യങ്ങളിൽ ഇടപെടാതിരിക്കുക. എന്റെ അഭിപ്രായത്തിൽ അവിടന്ന് അങ്ങേയറ്റം യുക്തിയോടും വിവേകത്തോടുംകൂടി പാശ്ചാത്യരുടെ ശ്രദ്ധ ക്ഷണിച്ചു.'

ഇസ്റായേൽ അമ്പാസിഡർ റാഫേൽ ബറാക് തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു:എത്രമാത്രം സ്വാധീനം ചെലുത്തുന്ന പ്രസംഗമായിരുന്നു. അത് എല്ലാ മതങ്ങളും പരസ്പരം എങ്ങനെ ആദരിക്കണമെന്നുള്ള സമാധാനത്തിന്റെ സുപ്രധാന സന്ദേശമായിരുന്നു. ഇന്ന് ഇസ്‌ലാമിനെ കുറിച്ചുള്ള എന്റെ ചിന്ത മാറ്റപ്പെട്ടു. അതിനോടുള്ള ആദരവും വർധിച്ചു. ഈ പ്രസംഗം പ്രസിദ്ധീകരിക്കേണ്ടതാണ്. ഏറ്റവും കൂടുതൽ ജനങ്ങളിൽ എത്തിക്കേണ്ടതുമാണ്. ജനങ്ങൾ ആ സന്ദേശത്തെ പിൻപറ്റുകയാണെങ്കിൽ ലോകത്തിലെ എത്ര വലിയ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയും. എനിക്ക് ഹുദൂറിന്റെ പ്രസംഗത്തിലെ സഹിഷ്ണുതയുടെ ഭാഗവും വളരെ ഇഷ്ടപ്പെട്ടു. മുസ്‌ലിംകളുടേതാണെങ്കിലും വേണ്ടില്ല യഹൂദികളുടേതാണെങ്കിലും വേണ്ടില്ല എല്ലാ ജനങ്ങളുടേയും അവകാശങ്ങൾ നിറവേറ്റപ്പെടേണ്ടതാണ്. വളരെ പ്രധാനപ്പെട്ടതും ഹൃദയത്തിൽ തട്ടുന്നതുമായ സന്ദേശമായിരുന്നു. എല്ലാ മതങ്ങളും പരസ്പരം എങ്ങനെയാണ് ആദരിക്കേണ്ടത്. ഹയ്ഫയിലുള്ള അഹ്മദിയ്യാ ജമാഅത്ത് വളരെ നല്ലനിലയിൽ പ്രവർത്തിക്കുന്നവെന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഹുദൂർ ഹയ്ഫയിൽ വരാനും അവിടത്തെ പ്രവർത്തനങ്ങൾ കാണാനും ഞാൻ ക്ഷണിക്കുകയാണ്. എനിക്കറിയാം ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ)ഞങ്ങളുടെ അടുക്കൽ വന്നിരുന്നു. ഇപ്പോഴത്തെ ഖലീഫയും ഞങ്ങളുടെയടുക്കൽ വരണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.

(2016 ഡിസംബർ 15 ബദ്ർ വീക്കിലി)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 25 May 2017 Issue-21

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

**❍ ഹുദൂറിന്റെ വ്യക്തിത്വം പ്രൗഢനിർഭരമായിരുന്നു; വാക്കുകൾ അങ്ങേയറ്റം സ്വാധീനം ചെലുത്തുന്നതും. അദ്ദേഹത്തിന്റെ പ്രഭാഷണം ഗംഭീരമായിരുന്നു. അതിൽ ലോകപ്രശ്നങ്ങളെല്ലാം ഹ്രസ്വമായ നിലയിൽ അദ്ദേഹം അവതരിപ്പിച്ചു. ഹുദൂറിന്റെ പ്രസംഗത്തെക്കാൾ ശ്രേഷ്ഠമായൊരു പ്രസംഗം എവിടെയെങ്കിലും കേട്ടിട്ടുണ്ടോ എന്നെനിക്കറിയില്ല. എനിക്ക് ഈ സമാധാനത്തിന്റെ അമ്പാസിഡറുടെ വിവരണം കേൾക്കാൻ കഴിഞ്ഞു. ഇദ്ദേഹം തനിച്ച് മുഴുലോകത്തേയും ഇസ്‌ലാമിനെക്കുറിച്ച് പരിചയപ്പെടുത്തിക്കൊണ്ടിരിക്കുന്നു.' (നെക്കോളാഡി ഓറിയോ)**

**❍ ഞാനൊരു സുന്നി ഇമാമാണ്. ഈ പ്രസംഗം ലോകത്ത് സമാധാനസംസ്ഥാപനത്തിന് അടിത്തറയിട്ടു എന്ന് പറയുന്നതിൽ എനിക്ക് ഒരു മടിയുമില്ല. ഇന്നത്തെ ലോകത്തിന് ഈ പ്രസംഗം അത്യാവശ്യമാണ്. ഖലീഫയുടെ പ്രസംഗം യുക്തി നിർഭരമായിരുന്നു. ഇന്ന് ആവശ്യമുള്ള ഒരുപാട് വിഷയങ്ങൾ ഹുദൂർ വിവരിച്ചു. ഹദ്റത്ത് അഖ്ദസ് അങ്ങേയറ്റം ദീർഘദൃഷ്ടിയുള്ള ആളും സന്തുലിതമായ ചിന്താഗതി വെച്ചുപുലർത്തുന്ന വ്യക്തിയുമാണ്. (ചീഫ് ഇമാമും സ്കോളറുമായ മുഹമ്മദ് ജീബ്ര)**

**❍ അത് എല്ലാ മതങ്ങളും പരസ്പരം എങ്ങനെ ആദരിക്കണമെന്നുള്ള സമാധാനത്തിന്റെ സുപ്രധാന സന്ദേശമായിരുന്നു. ഇന്ന് ഇസ്‌ലാമിനെ കുറിച്ചുള്ള എന്റെ ചിന്ത മാറ്റപ്പെട്ടു. അതിനോടുള്ള ആദരവും വർധിച്ചു. ഈ പ്രസംഗം പ്രസിദ്ധീകരിക്കേണ്ടതാണ്. ഏറ്റവും കൂടതുൽ ജനങ്ങളിൽ എത്തിക്കേണ്ടതുമാണ്. (ഇസ്റായേൽ അമ്പാസിഡർ റാഫേൽ ബറാക്)**

# കനഡിയൻ പാർലമെന്റിൽ അമീറുൽമുഅ്മിനീന്റെ ഐതിഹാസികമായ പ്രഭാഷണം

2016 ഒക്ടോബർ 17ന് അമീറുൽ മുഅ്മിനീൻ കനഡ പാർലമെന്റിൽ അതായത് പാർലമെന്റ് ഹില്ലിൽ പോകുകയുണ്ടായി. അവിടെ അമീറുൽ മുഅ്മിനീന് എല്ലാവിധ പ്രൗഢിയോടുംകൂടി ഹൃദ്യമായ സ്വീകരണമാണ് നൽകപ്പെട്ടത്. പാർലമെന്റിൽ വിവിധ സെനറ്റ്(Senate)അംഗങ്ങളും മന്ത്രിമാരും അമീറുൽ മുഅ്മിനീനുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. അമീറുൽ മുഅ്മിനീൻ ലോകത്തിന്റെ അവസ്ഥകളേയും സമാധാന സംസ്ഥാപനത്തേയും സംബന്ധിച്ച് പാർലമെന്റിൽ പ്രഭാഷണം നടത്തി. അമീറുൽ മുഅ്മിനീന്റെ പ്രഭാഷണം ഉലമാ, രാഷ്ട്രീയനേതാക്കൾ, ജീവിതത്തിലെ വിവിധ വകുപ്പുകളുമായി ബന്ധം വെക്കുന്നവർ, തുടങ്ങിയവർക്ക് വളരെ ഇഷ്ടപ്പെട്ടു. അവർ വളരെ നല്ല അഭിപ്രായപ്രകടനങ്ങൾ നടത്തി. അമീറുൽ മുഅ്മിനീന്റെ ആ ദിവസത്തെ പരിപാടികൾ അങ്ങേയറ്റം വിശ്വാസധാർഢ്യം വരുത്തുന്നതായിരുന്നു. അതുകൊണ്ട് വായനക്കാർക്കുവേണ്ടി ആ ദിവസം നടന്ന പരിപാടികളുടെ പൂർണരൂപം തുടർലക്കങ്ങളിൽ ഖണ്ഡശ പ്രസിദ്ധീകരിക്കുന്നതാണ്. (എഡിറ്റർ)

**(ഭാഗം 7 തുടർച്ച....)**ഇന്ന് പാർലമെന്റ് ഹില്ലിൽ അമീറുൽ മുഅ്മിനീന്റെ പ്രസംഗം അതിഥികളിൽ അഗാധമായ സ്വാധീനമാണ് ചെലുത്തിയത്. അമീറുൽ മുഅ്മിനീന്റെ പ്രഭാഷണം അതിഥികളുടെ ഉള്ളിൽ തട്ടുകയും ധാരാളം അതിഥികൾ അവരുടെ വിചാരവികാരങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തു.

പാർലമെന്റംഗമായ കാർലോ കൽട്രോഫ് തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു:പ്രഭാഷണം അങ്ങേയറ്റം പ്രാധാന്യം വഹിക്കുന്നതും സ്വാധീനം ചെലുത്തുന്നതുമായിരുന്നു. ശാന്തിയും സമാധാനവും വർധിക്കാൻ ഇത്തരത്തിലുള്ള സദസ്സുകൾ നമുക്ക് ആവശ്യമാണ്. എന്റെ പ്രദേശത്ത് അഹ്‌മദിയ്യാ ജമാഅത്ത് ഈ ജോലി ചെയ്തുകൊണ്ടിരിക്കുന്നു. ഇതുമുഖേന ഒരുപാട് വ്യത്യാസമുണ്ടായിട്ടുണ്ട്.'

പാർലമെന്റംഗമായ നെക്കോളാഡി ഓറിയോ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: ഹുദൂറിന്റെ വ്യക്തിത്വം പ്രൗഢനിർഭരമായിരുന്നു; വാക്കുകൾ അങ്ങേയറ്റം സ്വാധീനം ചെലുത്തുന്നതും. അദ്ദേഹത്തിന്റെ പ്രഭാഷണം ഗംഭീരമായിരുന്നു. അതിൽ ലോകപ്രശ്നങ്ങളെല്ലാം ഹ്രസ്വമായ നിലയിൽ അദ്ദേഹം അവതരിപ്പിച്ചു. അദ്ദേഹം മതത്തിന്റെ പശ്ചാത്തലത്തിൽ ലോകപ്രശ്നങ്ങളുടെമേൽ വെളിച്ചം വീശി. അഹ്‌മദിയ്യാ ജമാഅത്ത് ഒരു പ്രബലമായ ജമാഅത്താണ്. മതസംഘടനകൾക്ക് ഒരു മാതൃകയാണ്. മതപരമായ കാര്യങ്ങളിൽ സഹിഷ്ണതു പാലിക്കേണ്ടതാണെന്ന് നമ്മളോടു അമീറുൽമുഅ്മിനീൻ പറഞ്ഞു. ബലാൽക്കാരത്തിന്റെ ഫലം കൂടുതൽ ബലാൽക്കാരമായിരിക്കും. നമ്മളെല്ലാവരും സഹിഷ്ണുത എന്ന ഒരു ഗുണം സ്വായത്തമാക്കുകയാണെങ്കിൽ നമുക്ക് ഒരു വലിയ മാറ്റം കൊണ്ടുവരാൻ സാധിക്കുന്നതാണ്. ഞാൻ അത്ഭുതപ്പെട്ടുപോകുകയാണ്. ഞാൻ വിചാരിച്ചത് ഹുദൂർ എന്തെങ്കിലും കുറച്ചു നന്ദിവാക്കുകൾ പറഞ്ഞ് ഇരിക്കുമെന്നായിരുന്നു. പക്ഷേ, ഹുദൂറിന്റെ പ്രസംഗത്തെക്കാൾ ശ്രേഷ്ഠമായൊരു പ്രസംഗം എവിടെയെങ്കിലും കേട്ടിട്ടുണ്ടോ എന്നെനിക്കറിയില്ല. പാരിസ്ഥിതികമായ മാറ്റങ്ങൾ, സാമ്പത്തിക പ്രതിസന്ധികൾ, ആഭ്യന്തര യുദ്ധങ്ങൾ തുടങ്ങി മുഴുലോകവും നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെ കുറിച്ചാണ് അമീറുൽമുഅ്മിനീൻ പ്രസംഗിച്ചത്. ഇതിന്റെ അടിസ്ഥാനപരമായ കാരണം അനീതിയാണെന്ന് അവിടന്ന് പറഞ്ഞു. ഇത്തരം പ്രശ്നങ്ങൾക്കുള്ള പരിഹാരവും അവിടന്ന് വിവരിക്കുകയുണ്ടായി. അവിടന്ന് പറഞ്ഞു: മതപരമായ കാര്യങ്ങളിൽ കൈകടത്താതിരിക്കേണ്ടതാണ്. ആയുധക്കച്ചവടം നിറുത്തേണ്ടതാണ്. ഇന്നത്തെ ഈ പരിപാടിയിൽ പങ്കെടുത്ത് എനിക്ക് വളരെ സന്തോഷമായി. എനിക്ക് ഈ സമാധാനത്തിന്റെ അമ്പാസിഡറുടെ വിവരണം കേൾക്കാൻ കഴിഞ്ഞു. ഇദ്ദേഹം തനിച്ച് മുഴുലോകത്തേയും ഇസ്‌ലാമിനെക്കുറിച്ച് പരിചയപ്പെടുത്തിക്കൊണ്ടിരിക്കുന്നു.'

പാർലമെന്റംഗമായ അമർജീത് സിംഗ് സോഹി തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു:ഹുദൂറിന്റെ വാക്കുകളിൽ ഇസ്‌ലാമികാധ്യാപനങ്ങൾ കേൾക്കാൻ കഴിഞ്ഞു എന്നത് എനിക്ക് അഭിമാനത്തിന് നിമിത്തമാണ്. നമുക്കെങ്ങനെ നമ്മുടെ സമൂഹത്തിൽ പോസിറ്റീവായിട്ടുള്ള മാറ്റം കൊണ്ടുവരാൻ കഴിയും. ഈ വിഷയം എന്നെ ആഴത്തിൽ സ്വാധീനിച്ചു. കാരണം ഞാൻ തന്നെയും ഒരു അഭയാർഥിയാണ്. വംശീയത എങ്ങനെ മനുഷ്യനെ ബാധിക്കുന്നുവെന്ന് സ്വയം അനുഭവിച്ചു കഴിഞ്ഞിട്ടുള്ളവനാണ്. പരസ്പരമുള്ള ഭിന്നതകൾ സഹിക്കുകയും അതിനോടൊപ്പം ന്യായവും നീതിയും നിലകൊള്ളുന്ന സമൂഹം സ്ഥാപിക്കുകയും ചെയ്യുക എന്നതായിരുന്നു എനിക്കുള്ള സുപ്രധാനമായ സന്ദേശം. നമ്മളെല്ലാവരും ചേർന്നുകൊണ്ട് ഇസ്‌ലാമിന്നെതിരെയുള്ള വെറുപ്പിനേയും എല്ലാത്തരത്തിലുള്ള വെറുപ്പിനേയും തടയേണ്ടതാണ്.

പാർലമെന്റംഗമായ ഗ്രേഗ് ഫാർഗസ് തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: പ്രഭാഷണം എന്നെ വല്ലതെ സ്വാധീനിച്ചിരിക്കുന്നു. ഇസ്‌ലാം ഒരു സമാധാനകാംക്ഷിയായി മതമാണെന്നറിഞ്ഞ് എനിക്ക് വളരെ സന്തോഷമായി. ഈ പ്രഭാഷണം എനിക്ക് വളരെയേറെ ഇഷ്ടപ്പെട്ടു. കാരണം ഞാൻ ദൃഢമായി വിശ്വസിക്കുന്ന എല്ലാ മൂല്യങ്ങളേയും കുറിച്ച് അതിൽ പ്രതിപാദിച്ചിരുന്നു. അതായത് സ്വാതന്ത്ര്യം, സഹിഷ്ണുതയും ശാന്തിയും. ഞാനൊരു കർമാനുഷ്ഠാനിയായ ക്രിസ്ത്യാനിയാണ്. റോമൻ കത്തോലിക് ചർച്ചുമായിട്ടാണ് എനിക്ക് ബന്ധം. ഇന്ന് നല്കപ്പെട്ട സന്ദേശത്തിൽ ഞാനും വിശ്വസിക്കുന്നു. ഹുദൂറും അഹ്‌മദിയ്യാ ജമാഅത്തും നമ്മുടെ കമ്മ്യൂണിറ്റിയിൽ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വളരെയേറെ സഹായിക്കുന്നു.

പാർലമെന്റംഗമായ ഫയ്സൽ ഖോറി തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു:ഞാൻ ഖലീഫയുടെ പ്രഭാഷണത്തിൽ വളരെ ആകർഷിതനായിരിക്കുന്നു. മനുഷ്യകുലത്തിനുവേണ്ടി നിങ്ങളുടെ ജമാഅത്ത് ചെയ്യുന്ന സേവനങ്ങൾക്ക് ഞാൻ ഹൃദയംഗമമായി നന്ദിയുള്ളവനാണ്. ഈ പ്രവർത്തനങ്ങൾ ഇങ്ങനെതന്നെ മുന്നോട്ടുപോയികൊണ്ടിരിക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. അഹ്‌മദിയ്യാ ജമാഅത്തിലെ ധാരാളമാളുകൾ എന്റെ സുഹൃത്തുക്കളാണെന്നതിൽ എനിക്ക് അഭിമാനമുണ്ട്. ഖലീഫായ്ക്ക് സമാധാനത്തോടും ആരോഗ്യത്തോടും കൂടി ദീർഘായുസ്സ് ഉണ്ടാകട്ടെ എന്നും അദ്ദേഹം തന്റെ പ്രവൃത്തി സന്തോഷത്തോടെ നിർവഹിക്കട്ടെ എന്നും ഞങ്ങൾ പ്രത്യാശിക്കുന്നു.

മേരി ഫ്രാൻസ് ലയ്ലോന്ദ് പറഞ്ഞു:'ഖലീഫയുടെ അങ്ങേയറ്റം യുക്തി നിർഭരമായ പ്രസംഗം കേൾക്കാൻ അവസരം കിട്ടിയത് ഞങ്ങൾക്ക് അഭിമാനത്തിന് കാരണമാണ്. ലോകസമാധാനത്തിനും ശാന്തിക്കുംവേണ്ടിയുള്ള ഹുദൂറിന്റെ വീക്ഷണവും കേൾക്കാൻ അവസരം കിട്ടി. ഖലീഫ മുഴുലോകത്തും സ്വയം ഈ സന്ദേശം എത്തിച്ചുകൊണ്ടിരിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഇത് പ്രത്യേകിച്ചും നിർബന്ധമാണ്. കാരണം അജ്ഞത ഭയം ഉണ്ടാക്കുന്നു. ഹുദൂർ തന്റെ വ്യക്തിപരമായ തിരക്കിന്നിടയിൽ സമയമെടുത്താണ് ഈ സന്ദേശം ജനങ്ങളിൽ എത്തിച്ചുകൊണ്ടിരിക്കുന്നത്.'

പാർലമെന്റംഗമായ ജോഡി സഗ്രോ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു:പാർലമെന്റംഗങ്ങളായ ഞങ്ങൾക്കെല്ലാവർക്കും ഹുദൂറിന്റെ പ്രസംഗം അങ്ങേയറ്റം ഗുണപ്രദമായിരുന്നു. നമുക്കെങ്ങനെ മൂന്നാം ലോക മഹായുദ്ധത്തിൽനിന്ന് രക്ഷപ്പെടാമെന്നുള്ള ഉപദേശങ്ങൾ നിറഞ്ഞതായിരുന്നു ഹുദൂറിന്റെ പ്രഭാഷണം.നമുക്ക് ഈ നാശത്തിൽനിന്ന് രക്ഷപ്പെടുന്നതിന് പരസ്പര സഹായത്തിന്റേയും കഠിനാധ്വാനത്തിന്റേയും ആവശ്യമുണ്ടെന്ന് ഹുദൂറിന്റെ പ്രഭാഷണത്തിൽ വ്യക്തമായിരുന്നു. അദ്ദേഹത്തിന്റെ ഈ സന്ദേശം ഇന്ന് മുഴുലോകത്തും എത്തിക്കേണ്ട ആവശ്യമുണ്ട്. എല്ലാ മതക്കാരും Love For ALL Hatred For None എന്ന ആറു വാക്കുകളെ കുറിച്ച് ചിന്തിക്കേണ്ട ആവശ്യമുണ്ട്. ഈ സന്ദേശം പ്രചരിപ്പിച്ചുകൊണ്ടേ പോകാൻ അദ്ദേഹത്തിന് അല്ലാഹു ആരോഗ്യത്തോടു കൂടിയ ദീർഘായുസ്സ് നല്കട്ടെ എന്ന് ഞാൻ ദുആ ചെയ്യുന്നു.

ചീഫ് ഇമാമും സ്കോളറുമായ മുഹമ്മദു ജീബാറ പറഞ്ഞു:ഞാനൊരു സുന്നി ഇമാമാണ്. ഈ പ്രസംഗം ലോകത്ത് സമാധാനസംസ്ഥാപനത്തിന് അടിത്തറയിട്ടു എന്ന് പറയുന്നതിൽ എനിക്ക് ഒരു മടിയുമില്ല. ഇന്നത്തെ ലോകത്തിന് ഈ പ്രസംഗം അത്യാവശ്യമാണ്. ഖലീഫയുടെ പ്രസംഗം യുക്തി നിർഭരമായിരുന്നു. കാരണം അദ്ദേഹം ഏതെങ്കിലും ഒരു കക്ഷിയെ കുറ്റപ്പെടുത്തിയില്ല. മറിച്ച് ലോകത്തിന്റെ അസ്വസ്ഥതയ്ക്കുകാരണം മുഴുവൻ സംഘങ്ങളുടേയും ബലഹീനതയാണെന്നാണ് പറഞ്ഞത്. അവിടന്ന് പറഞ്ഞു നമുക്ക് നമ്മുടെ ബലഹീനതകളും പോരായ്മകളും സമ്മതിക്കേണ്ടതാണ്. എന്നിട്ട് ഉയർച്ചയിലേക്ക് ചുവടു വെക്കേണ്ടതാണ്. ചുരുക്കത്തിൽ അദ്ദേഹം തന്റെ പ്രഭാഷണത്തിൽ ഒരു മനുഷ്യനും തെറ്റുകളിൽനിന്ന് മുക്തനല്ലെന്ന ഇസ്‌ലാമികാധ്യാപനത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചു. അവസരത്തിനു ചേർന്ന അങ്ങേയറ്റം ഉന്നതമായ പ്രസംഗമായിരുന്നു. ഇന്ന് ആവശ്യമുള്ള ഒരുപാട് വിഷയങ്ങൾ ഹുദൂർ വിവരിച്ചു. ഹദ്റത്ത് അഖ്ദസ് അങ്ങേയറ്റം ദീർഘദൃഷ്ടിയുള്ള ആളും സന്തുലിതമായ ചിന്താഗതി വെച്ചുപുലർത്തുന്ന വ്യക്തിയുമാണ്. നീതിയുടെ സംസ്ഥാപനത്തിന് സന്തുലിതാവസ്ഥ ഉണ്ടാകണമെന്ന് അവിടന്ന് പറഞ്ഞു. അവിടെന്ന് ഇസ്‌ലാമിക വീക്ഷണത്തെ അങ്ങേയറ്റം ഹൃദ്യമായ നിലയിൽ അവതരിപ്പിച്ചു. വളരെ ദുർഘടമായ വശങ്ങളെ ജനങ്ങളുടെ വികാരങ്ങളെ വ്രണപ്പെടുത്താത്ത രീതിയിൽ മനോഹരമായിട്ടാണ് സമർപ്പിച്ചത്.

പാർലമെന്റംഗം ക്യൂൺ വാൻ പറഞ്ഞു:അങ്ങേയറ്റം ഹൃദയസ്പൃക്കായ പ്രസംഗമായിരുന്നു. ഹുദൂറിന്റെ വാചകങ്ങളുടെ ഒഴുക്ക് തികച്ചും ചേർന്നതായിരുന്നു. അതുകൊണ്ട് ശ്രോതാക്കൾക്ക് അദ്ദേഹത്തിന്റെ സന്ദേശം ആകർഷിച്ചെടുക്കാൻ അവസരം കിട്ടി. ഹുദൂർ ചുരുങ്ങിയ വാക്കുകളിൽ ധാരാളം വിഷയങ്ങളിൽ വെളിച്ചം വീശുകയുണ്ടായി. അവിടന്ന് തന്റെ പ്രസംഗത്തിൽ ധാരാളം ഖുർആനികവചനങ്ങൾ സമർപ്പിച്ചതിൽ ഞാൻ വളരെ ആകർഷിതനായി. ദീനീപരമായ ജ്ഞാനം കുറഞ്ഞ ആൾക്ക് ഇതൊരു നല്ല വശമായിരുന്നു. ഇതുമുഖേന അറിവിലും വർധനയുണ്ടായി.'

**ശേഷം പേജ് 7ൽ**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin